# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോതമംഗലം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ - ഇ.കെ.എം (എം1)/1404/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കോതമംഗലം മുനിസിപ്പാലിറ്റി

സർ,

വിഷയം : കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. റീജിയണൽ ജോയിന്റ് ഡയറക്ടർ, എറണാകുളം, നഗരകാര്യ വകുപ്പ്
4.ഡയറക്ടർ, നഗരകാര്യ വകുപ്പ്

നമ്പർ: കെ.എസ്.എ - ഇ.കെ.എം (എം1)/1404/2022 തീയ്യതി: 12/08/2022

## എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 22-07-2022 | 03-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-07-2022 | 03-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.പോളി ടി ഒ, ഓഡിറ്റ് ഓഫീസർ
2. ടെസ്സി എം, ഓഡിറ്റ് ഓഫീസർ
3. പ്രസാദ് പി ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
5. സന്തോഷ് കുമാർ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
6. സ്വപ്ന വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മഞ്ജു സിജു | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |
| ഭരണ നിർവ്വഹണ സമിതി | ചെയർപേഴ്സൺ | 12-11-2020 | 20-12-2020 |
| ശ്രീ ടോമി എബ്രഹാം | ചെയർമാൻ | 21-12-2020 | 31-03-2021 |
| ശ്രീമതി ഷേർല ബീഗം | സെക്രട്ടറി | 01-04-2020 | 30-01-2021 |
| ശ്രീമതി ഷീബ പി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 31-01-2021 | 04-02-2021 |
| ശ്രീ അനിൽകുമാർ | സെക്രട്ടറി | 05-02-2021 | 17-02-2021 |
| ശ്രീ അൻസൽ ഐസക് | സെക്രട്ടറി | 18-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എസ് സീനത്ത് ബീവി | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2020 | 31-01-2021 |
| ശ്രീ സാജു ഇ പി | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ(ചാർജ്) | 01-02-2021 | 31-03-2021 |
| ശ്രീമതി ഹുമൈബാൻ ടി ഇ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ സജി ജോൺ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ ജഗന്നാഥൻ പി എം | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2020 | 25-02-2021 |
| ശ്രീ രാജീവൻ ഐ വി | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 26-02-2021 | 31-03-2021 |
| ഡോ അഞ്ജലി എൻ യു | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2020 | 31-03-2021 |
| ശ്രീമതി അനിത എസ് | മുനിസിപ്പൽ എഞ്ചിനിയർ | 01-04-2020 | 20-04-2020 |
| ശ്രീ വിവിൻ നെൽസൺ | മുനിസിപ്പൽ എഞ്ചിനിയർ(ചാർജ്) | 21-04-2020 | 23-04-2020 |
| ശ്രീമതി ധന്യ എൻ | മുനിസിപ്പൽ | 24-04-2020 | 22-09-2020 |

| | | | |
|---|---|---|---|
| ജനാർദ്ദനൻ | എഞ്ചിനിയർ(ചാർജ്) | | |
| ശ്രീമതി ബോബി ഈപ്പൻ | മുനിസിപ്പൽ എഞ്ചിനിയർ | 23-09-2020 | 31-03-2021 |
| ശ്രീ വിവിൻ നെൽസൺ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 18-02-2021 |
| ശ്രീ എൽദോസ് പോൾ | അസിസ്റ്റന്റ് എഞ്ചിനിയർ | 19-02-2021 | 31-03-2021 |
| ശ്രീ വിജയപ്രകാശ് എസ് | ഹെൽത്ത് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.മെർലി | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി സുപ്രിയാദേവി എസ് പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 25-02-2021 |
| ശ്രീ സുജിത് പി രാഘവൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 26-02-2021 | 05-03-2021 |
| ശ്രീ.റമീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 06-03-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shaiby.E.D (Asst. Audit Officer, On 22-07-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Santhosh Kumar M (Auditor, On 01-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: T.O.Polly (Audit Officer, On 12-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Santhosh Kumar M (Auditor, On 01-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 01-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Santhosh Kumar M (Auditor, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-5 |
| 7 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Santhosh Kumar M (Auditor, On 01-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Santhosh Kumar M (Auditor, On 01-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Shaiby.E.D (Asst. Audit Officer, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Shaiby.E.D (Asst. Audit Officer, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 28-07-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-10 |
| 12 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയില്ല.<br>Written By: Swapna.V (Auditor, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-11 |
| 13 | കോളേജുകളുടേയും സി.ബി.എസ്.സി സ്കൂളുകളുടേയും വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല<br>Written By: Swapna.V (Auditor, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-11-1 |
| 14 | ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല<br>Written By: Swapna.V (Auditor, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-11-2 |
| 15 | സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡിമാന്റ് വിവരങ്ങൾ ചേർക്കുന്നതിൽ അപാകത<br>Written By: Swapna.V (Auditor, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-11-3 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.<br>Written By: Swapna.V (Auditor, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-12 |
| 17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-12-1 |

| | | |
|---|---|---|
| | Written By: Swapna.V (Auditor, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | |
| 18 | ഡി & ഒ ലൈസൻസ്-അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-13 |
| 19 | കിസ്റ്റിളവ്-തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.<br>Written By: Shaiby.E.D (Asst. Audit Officer, On 02-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-14 |
| 20 | വാടക കുടിശ്ശിക-തുടർനടപടികൾ അറിയിക്കേണ്ടതാണ്<br>Written By: Shaiby.E.D (Asst. Audit Officer, On 02-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-15 |
| 21 | നിർമ്മാണം പൂർത്തിയായ വാണിജ്യ കെട്ടിടം ക്രമവൽക്കരിച്ചിട്ടില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-16 |
| 22 | ബിൽഡിംഗ് റെഗുലറൈസേഷൻ അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 02-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-17 |
| 23 | ഫോം വിതരണത്തിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-18 |
| 24 | ജൈവവളം വിതരണം-പദ്ധതി രൂപീകരിച്ചില്ല<br>Written By: Prasad P G (Asst. Audit Officer, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-19 |
| 25 | കുടിവെള്ള പദ്ധതി അപാകതകൾ<br>Written By: T.O.Polly (Audit Officer, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-20 |
| 26 | പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Prasad P G (Asst. Audit Officer, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-21 |
| 27 | ക്യാൻസർ ക്യാമ്പ് നടത്തൽ- അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-22 |
| 28 | 4-ാം വാർഡ് വിവിധ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി-അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-23 |
| 29 | ചെലവ് രേഖകളുടെ ആധികാരികത ഉറപ്പാക്കാനാകുന്നില്ല.<br>Written By: Santhosh Kumar M (Auditor, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-24 |
| 30 | ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്ന് തികച്ചും വ്യത്യസ്തമായി പ്രവൃത്തി നടപ്പാക്കി<br>Written By: Shaiby.E.D (Asst. Audit Officer, On 02-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-25 |
| 31 | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിലും കനത്തിൽ കോൺക്രീറ്റ് ചെയ്തു -<br>Written By: T.O.Polly (Audit Officer, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-26 |
| 32 | സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് മിനി പടി കനാൽ റോഡിൽ ഹാന്റ് റെയിൽ നിർമ്മിച്ചത്-ചെയിനേജ് വ്യക്തമല്ല.<br>Written By: T.O.Polly (Audit Officer, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-27 |
| 33 | റോഡ് റീടാറിംഗ്-അപാകത പരിഹരിച്ച റിപ്പോർട്ട് ഫയലിൽ ഇല്ല<br>Written By: Shaiby.E.D (Asst. Audit Officer, On 02-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-28 |
| 34 | മരാമത്ത് പ്രവൃത്തികൾ -പൊതു അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 02-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-29 |

| | | |
|---|---|---|
| 35 | പി.എം.എ.വൈ ഭവന നിർമാണ പദ്ധതി-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-30 |
| 36 | മുൻകൂർ നൽകിയ തുകകളുള്ള മുഴുവൻ മതുന്നം ലഭ്യമായില്ല<br>Written By: Prasad P G (Asst. Audit Officer, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-31 |
| 37 | സാമൂഹ്യക്ഷേമ പെൻഷൻ-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-32 |
| 38 | ദുരിതാശ്വാസ നിധി പ്രവർത്തനരഹിതം<br>Written By: Shaiby.E.D (Asst. Audit Officer, On 02-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-33 |
| 39 | മോഡുലാർ ടോയ്‌ലെറ്റ് നിർമ്മാണം-നിരക്ക് നിശ്ചയിച്ചതിന് ആധികാരികതയില്ല<br>Written By: Prasad P G (Asst. Audit Officer, On 04-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-34 |
| 40 | വീടുകൾക്ക് ബയോകമ്പോസ്റ്റർ ബിൻ-പദ്ധതി അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 04-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-35 |
| 41 | ബയോഗ്യാസ് പ്ലാന്റ് വീടുകളിൽ- പദ്ധതി അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 04-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-36 |
| 42 | സ്വകാര്യ ഫ്ലാറ്റിലേക്ക് നഗരസഭയുടെ ചെലവിൽ വാട്ടർ കണക്ഷൻ<br>Written By: Tessy (Audit Officer, On 05-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 28-07-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shaiby.E.D (Asst. Audit Officer, On 28-07-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 01-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Shaiby.E.D (Asst. Audit Officer, On 28-07-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Santhosh Kumar M (Auditor, On 01-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 4-6 |
| 7 | ഓഡിറ് റിക്കവറി<br>Written By: Shaiby.E.D (Asst. Audit Officer, On 03-08-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 03-08-2022) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Shaiby.E.D (Asst. Audit Officer, On 28-07-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 28-07-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 03-08-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.<br>Written By: Shaiby.E.D (Asst. Audit Officer, On 28-07-2022)<br>Last Updated By: Joby George (Computer Assistant, On 12-08-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

കോതമംഗലം നഗരസഭയുടെ 2020-21 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് ഭരണസമിതിയുടെ 24.03.2020 തീയതിയിലെ 1(1) തീരുമാന പ്രകാരം ബജറ്റിന് അംഗീകാരം നൽകുകയുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു. 2020-21 ലെ റിവൈസ്ഡ് ബജറ്റ് 19.02.2021 തീയതിയിൽ അംഗീകരിക്കുകയുണ്ടായി.

| | ബജറ്റ് പ്രകാരം (റിവൈസ്ഡ്) | വാർഷിക ധനകാര്യ പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 23926300.00 | 31089342.40 | -7163042.40 |
| വരവ് | 305823028.00 | 325515797.00 | -19692769.00 |
| ആകെ | 329749328.00 | 356605139.40 | -26855811.40 |
| ചെലവ് | 325308828.00 | 303665291.00 | 21643537.00 |
| നീക്കിയിരുപ്പ് | 4440500.00 | 52939848.40 | -48499348.40 |

ബജറ്റ് യഥാർത്ഥ കണക്കുകളുമായി കൂടുതൽ പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 28.06.2021 |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

ഇല്ല.

### 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 31089342.40 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 325515797.00 |
| ആകെ | | 356605139.40 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 303665291.00 |
| നീക്കിയിരിപ്പ് | | 52939848.40 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ----------- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -------------- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1801561.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 48478894 | 48478894 | 48463533 | 0 | 15631 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 10457258 | 10457258 | 8781393 | 0 | 1675865 |
| വികസന ഫണ്ട്-ടി എസ്.പി | 0 | 407000 | 407000 | 126000 | 0 | 281000 |
| മെയിന്റനൻസ്, റോഡ് | 0 | 36978000 | 36978000 | 36951972 | 0 | 26028 |
| മെയിന്റനൻസ്, നോൺ- റോഡ് | 0 | 11400513 | 11400513 | 11086740 | 0 | 313773 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 69058914 | 69058914 | 50155881 | 0 | 18903033 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied | | 26940000 | 26940000 | 9757849 | 0 | 17182151 |
| 320100100 സ്വച്ഛഭാരത്., എൻ.യു.എൽ. എം ഫണ്ടുകൾ | 1057286 | 8785911 | 9843197 | 6191982 | 3651215 | |
| 320200106 ആർ.എം.എസ് .എ ഫണ്ട് | 902538 | 250000 | 1152538 | - | 1152538 | |
| 320200110 ദുരന്ത നിവാരണം | - | 1000000 | 1000000 | 986258 | 13742 | |
| 320200201 കൃഷി അവാർഡ് | 30000 | - | 30000 | 30000 | - | |
| 320300100 സോളിഡ് വേസ്റ്റ്, ടോയ് ലറ്റ് ഫണ്ട് | 5928218 | 473063 | 6401281 | 19798 | 6381483 | |
| 320802000 പി.എം.എ.വൈ, ഹഡ്കോലോൺ, നഗരതൊഴിലുറപ്പ് പദ്ധതി | 5227877 | 50750769 | 55978646 | 40219260 | 15759386 | |
| 311710100 , എംപി, എം.എൽ.എ. ഫണ്ട് | - | 2241557 | 2241557 | 2241557 | | |

കുറിപ്പ്- 1. വികസന ഫണ്ട്- ജനറലിൽ നിന്ന് 10411133/-രൂപയും വികസന ഫണ്ട്- എസ് സി പിയിൽ നിന്ന് 706667/- രൂപയും സോഴ്സ് ഡിഡക്ഷൻ ചെയ്തിട്ടുള്ളതാണ്.

2. ഒന്നിൽ കൂടുതൽ ഫണ്ടുകളുടെ വരവ്-ചെലവുകൾ ഒരേ അക്കൌണ്ട് ഹെഡിൽ രേഖപ്പെടുത്തുന്നത് ഒഴിവാക്കേണ്ടതും വിവിധ ഫണ്ടുകൾക്കായുള്ള ബാങ്ക് അക്കൌണ്ടുകൾക്ക് സമാനമായി പ്രത്യേക സാംഖ്യാ അക്കൌണ്ട് ഹെഡുകൾ ഉണ്ടാകേണ്ടതും ബാലൻസ് തുകകൾ ബി-4 ഷെഡ്യൂളിൽ കാണിക്കേണ്ടതുമാണ്. ഇത്തരത്തിൽ വിവിധ ഫണ്ടുകളുടെ വരവ്-ചെലവുകൾ പ്രത്യേകം ഓരോ അക്കൌണ്ട് ഹെഡുകളിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 412 | 258043679 | 313 | 181003206 | 80 | 19 | 76 |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 732623 | 5000000 | 5732623 | 479739 | |
| ഗുണഭോക്താക്കൾക്ക് നൽകിയത്(കൂലിച്ചെലവ്) | | | | 4714601 | |
| പലിശ | | 61472 | 61472 | - | |
| ആകെ | 732623 | 5061472 | 5794095 | 5194340 | 599755 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങൾ | | | തൊഴിലെടുത്തവർ | | | | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 100 ദിനം തൊഴിൽ ലഭിച്ചവർ | നൽകിയ വേതനം |
|---|---|---|---|---|---|---|---|---|---|
| ജനറൽ | പട്ടികജാതി | ആകെ | പു | സ്ത്രീ | ആകെ | പട്ടികജാതി | | | |
| 1250 | 80 | 1330 | 160 | 675 | 835 | 60 | 18001 | 0 | 4714601 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | - |
| കർഷകത്തൊഴിലാളി പെൻഷൻ | 3747100 | 221 |
| വിധവാപെൻഷൻ | 21402300 | 1387 |
| വാർദ്ധക്യകാല പെൻഷൻ | 40026400 | 2778 |
| വികലാംഗ പെൻഷൻ | 5883400 | 381 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 1078000 | 73 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 60000 | 2 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.04.2022 തീയതിയിൽ ഉച്ചയ്ക്ക് 3.15ന് സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 58021/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 02.12.2015 ലെ 12900/ആർ എ 1/2015/തസ്വഭവ നമ്പർ ഉത്തരവിൽ കെട്ടിട നിർമ്മാണാനുമതി രജിസ്റ്ററിന്റെ പരിപാലനം സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ നഗരസഭയിലെ കെട്ടിട നിർമ്മാണാനുമതി രജിസ്റ്ററിൽ അപേക്ഷാഫീസിന്റെ വിവരം ചേർക്കുന്നുണ്ടെങ്കിലും പെർമിറ്റ് ഫീസ് കണക്കാക്കിയതിന്റെയോ, ഈടാക്കിയതിന്റെയോ വിവരം ചേർക്കുന്നില്ല. കെട്ടിട നിർമ്മാണാനുമതി അപേക്ഷകളിലും പെർമിറ്റ് ഫീസ് അടവാക്കിയതിന്റെ രേഖകളൊന്നും ലഭ്യമല്ല. ആയതിനാൽ ചട്ട പ്രകാരമുള്ള ഫീസ് ഈടാക്കിയാണോ നിർമ്മാണാനുമതി നൽകിയിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. നിലവിൽ നോട്ട് ഫയലിൽ സെക്ഷൻ ക്ലർക്ക് കുറിച്ചിട്ടുള്ള വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. തുക അടവാക്കിയതിന്റെ ആധികാരികത മേലുദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതായി കാണുന്നില്ല.
2. ഡി & ഒ ലൈസൻസ് ഇഷ്യു രജിസ്റ്ററിൽ ലൈസൻസ് ഫീ അടച്ച മുഴുവൻ സ്ഥാപനങ്ങൾക്കും രേഖാമൂലം ലൈസൻസ് നൽകിയിട്ടുള്ളതായി കാണുന്നില്ല. മറ്റ് വകുപ്പുകളുടെ നിരാക്ഷേപപത്രം ആവശ്യമുള്ള പല സ്ഥാപനങ്ങളും ഫീസ് അടച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സാക്ഷ്യപത്രങ്ങൾ ഹാജരാക്കാത്ത സാഹചര്യത്തിൽ നഗരസഭ ലൈസൻസ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഡി & ഒ ലൈസൻസ് അപേക്ഷകളിലോ, രജിസ്റ്ററിലോ മോട്ടോർ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരം ഫീസ് ഈടാക്കി വരുന്നതായി രേഖപ്പെടുത്തിയിട്ടില്ല.
3.കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെ ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തി ഇൻകുംബൻസി രജിസ്റ്റർ പരിപാലിക്കുന്നില്ല.
4) മുനിസിപ്പാലിറ്റിയിൽ വിതരണം ചെയ്യുന്ന വിവിധ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ഫോമുകൾ (ഉദാ. വിവാഹ രജിസ്ട്രേഷൻ , ജനനമരണ രജിസ്ട്രേഷൻ, ഉടമസ്ഥാവകാശം മാറ്റൽ, ലൈസൻസ് അപേക്ഷകൾ , വിവിധ സർട്ടിഫിക്കറ്റുകൾ മുതലായവ) വിതരണംചെയ്ത് പണം അടക്കുമ്പോൾ സാംഖ്യയിൽ രസീതു അടിച്ച് അപേക്ഷകന് നൽകുന്നില്ല. പിന്നീട് ക്യാഷ് ക്ലോസ് ചെയ്യുന്ന സമയത്ത് ആ ദിവസം നൽകിയ എല്ലാ ഫോമുകളുടേയും പണം Sale Of Forms എന്ന ഹെഡിൽ അടിച്ച് രസീതു മുനിസിപ്പാലിറ്റിയിൽ സൂക്ഷിക്കുന്നു. ഫോമുകൾ നൽകുമ്പോൾ സാംഖ്യയിൽ അപ്പോൾ തന്നെ രസീത് അടിച്ച് അപേക്ഷകന് നൽകേണ്ടതും തുക കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതുമാണ്.
5) തൊഴിൽ നികുതി രജിസ്റ്ററിൽ ഡി.സി.ബി എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ അക്കൗണ്ട്സ് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത രജിസ്റ്ററുമായി ഒത്തുനോക്കുവാൻ സാധിക്കുന്നില്ല.
6) ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിലും വസ്തുനികുതി സംബന്ധിച്ച് ഡി.സി.ബി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ ടി കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക വിവരങ്ങളുടെ കൃത്യത പരിശോധിച്ചുറപ്പാക്കുവാൻ സാധിക്കുന്നില്ല.
7) സഞ്ചയയിൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഡാറ്റാ എൻട്രി ചെയ്യുമ്പോൾ സംഭവിക്കുന്ന അപാകതകൾ ബന്ധപ്പെട്ട മേലധികാരികൾ പരിശോധിച്ച് കൃത്യമാക്കുന്നില്ല

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.07.2016 മുതൽ 30.07.2016 വരെ | 2013-14 IInd Half മുതൽ 2014-15 Ist Half വരെ | 14.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.08.2019 മുതൽ 20.09.2019 വരെ | 2017-18 മുതൽ 2018-19 വരെ | 29.10.2019 |

1-11 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയില്ല.

മുനിസിപ്പാലിറ്റിയുടെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി കുടിശിക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും 2020-21 രണ്ടാം അർദ്ധവർഷം വരെ വലിയ തുക കുടിശിക പിരിച്ചെടുക്കാനുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം | സ്ഥാപനം/വിസ്തീർണ്ണം ($M^2$) | ഈടാക്കേണ്ട കാലയളവ് | കുടിശിക തുക |
|---|---|---|---|---|
| 1 | 8/166 | ജി . ടി . എൽ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് /81.92 | 2016 Ist Half മുതൽ 2020-21 2nd Half വരെ | 194537 |
| 2 | 8/191 | എസ്സാർ ടെലിക്കോം മൊബൈൽ ടവർ/86.69 | 2017 2nd Half മുതൽ 2020-21 2nd Half വരെ | 81925 |
| 3 | 17/132 | എം.എസ് റിലയൻസ്ഇൻഫ്രാടെൽ ലിമിറ്റഡ്/41.96 | 2017 2nd Half മുതൽ 2020-21 2nd Halfവരെ | 80178 |
| 4 | 23/187 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്/85.81 | 2017 1st Half മുതൽ 2020-21 2nd Half വരെ | 184129 |
| 5 | 24/125 (1) | ടെലികോം ടവർ ഇൻഫ്രാസ്ട്രക്ചർ പ്രൈ.ലിമിറ്റഡ്/63.68 | 2020-21 Ist & 2nd Half | 30088 |
| 6 | 28/15/A | എം.എസ് റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ചർ പ്രൈ.ലിമിറ്റഡ്/49.16 | 2017 2nd Half മുതൽ 2020-21 2nd Half വരെ | 84490 |
| 7 | 29/128/B | എം.എസ് ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് /50.76 | 2020-21 Ist & 2nd Half | 23985 |
| 8 | 31/474 | റിലയൻസ് ഇൻഫോ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് /50.64 | 2017 1st Half മുതൽ 2020-21 2nd Half വരെ | 109081 |
| 9 | 31/475 | ടവർ വിഷൻ ഇൻഡ്യ പ്രൈ.ലിമിറ്റഡ്/50.64 | 2016 1st Half മുതൽ 2021 2nd Half വരെ | 115575 |
| 10 | 31/830/A | ബി.എസ്.എൻ.എൽ /55 | 2013 1st Half മുതൽ 2021 2nd Half വരെ | 259875 |
| 11 | 31/1389/A | റിലയൻസ് ജിയോ ഇൻഫോലിമിറ്റഡ്/12.425 | 2020-21 Ist & 2nd Half | 7826 |
| | ആകെ | | | 1171689/- |

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി സമയബന്ധിതമായി പിരിച്ചെടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/24.07.2022) ലഭ്യമായ മറുപടിയിൽ നോട്ടീസ് നൽകി തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-11-1 കോളേജുകളുടേയും സി.ബി.എസ്.സി സ്കൂളുകളുടേയും വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

ഫയൽ പരിശോധിച്ചതിൽ നിന്നും നഗരസഭയിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഭീമമായ കുടിശ്ശിക തുക വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കുവാനുണ്ട്.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/വാർഡ് നം./കെട്ടിട നം. | ഈടാക്കാത്ത കാലയളവ് / നികുതി കുടിശ്ശിക തുക (ഡിമാന്റ് നോട്ടീസ് പ്രകാരം) |
|---|---|---|
| 1 | ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ / 16/ 100 | 2017-18 മുതൽ 2020-21 വരെ 76199/- |
| 2 | ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ / 16/101 | 2019-20 മുതൽ 2020-21 വരെ 20336/- |
| 3 | ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ / 16/102 | 2019-20 മുതൽ 2020-21 വരെ 51924/- |
| 4 | ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ / 16/102A | 2019-20 മുതൽ 2020-21 വരെ 33476/- |
| 5 | ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ / 16/103 | വിവരം ലഭ്യമായിട്ടില്ല. |
| 6 | ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ / 16/103A | 2019-20 മുതൽ 2020-21 വരെ 9452/- |
| 7 | ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ / 16/104 | 2017-18 മുതൽ 2020-21 വരെ 42278/- |
| 8 | കാനേഡിയൻ സ്കൂൾ, കാരക്കുന്നം /22/183 | 2013-14 മുതൽ 2020-21 വരെ 92715/- |
| 9 | കാനേഡിയൻ സ്കൂൾ, കാരക്കുന്നം 22/183A | 2013-14 മുതൽ 2020-21 വരെ 94648/- |
| 10 | സെന്റ് സ്റ്റീഫൻ ബസാനിയ സ്കൂൾ /ചേലാട് /5/123 | 2013-14 മുതൽ 20-21 വരെ – 474154/- |
| 11 | എം.എ കോളേജ് അസോസിയേഷൻ /19/679 | 2013-14 മുതൽ 20-21 വരെ -113000/- |
| 12 | എം.എ കോളേജ്/19/681 | 2013-14 മുതൽ 2020-21 വരെ 19296/- |
| 13 | എം.എ കോളേജ് അസോസിയേഷൻ/19/683 | 2013-14 മുതൽ 2020-21 വരെ 2138/- |
| 14 | എം.എ കോളേജ് അസോസിയേഷൻ /19/686A | 2013-14 മുതൽ 2020-21 വരെ 158429/- |
| 15 | എം.എ കോളേജ് അസോസിയേഷൻ/19/686B | 2012-13മുതൽ 2020-21 വരെ 385276/- |
| 16 | എം.എ കോളേജ്/19/686C | 2013-14 മുതൽ 2020-21 വരെ 349649/- |
| 17 | എം.എ കോളേജ് അസോസിയേഷൻ19/686D | 2013-14 മുതൽ 2020-21 വരെ 28480/- |
| 18 | എം.എ കോളേജ്/19/734 | 2016-17 മുതൽ 2020-21 വരെ 337/- |
| 19 | എം.എ എഞ്ചിനീയറിംഗ് കോളേജ്/19/751 | 2018-19മുതൽ 2020-21 വരെ 1863/- |

മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/3.8.2022) ലഭ്യമായ മറുപടിയിൽ നോട്ടീസ് നൽകി നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ നിന്നും മേൽ കെട്ടിടങ്ങളിൽ ക്രമ നം 8,9,10 എന്നിവയിൽ വസ്തുനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ 4.4.2017 ലെ WP(C) NO.36533/2016 ാം നമ്പർ ഇടക്കാല ഉത്തരവു സ്റ്റേ നിലനിൽക്കുന്നുണ്ട്. ആയതിനാൽ കേസിന്റെ തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ബാക്കിയുള്ള കെട്ടിടങ്ങൾ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 235 പ്രകാരം വസ്തുനികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളിൽ ഉൾപ്പെടുന്നവയാണോ എന്ന് പരിശോധിക്കേണ്ടതും അല്ലാത്തവയാണെങ്കിൽ വസ്തുനികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-11-2 ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല

വസ്തുനികുതിയുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റിയുടെ യു എ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടി കെട്ടിടങ്ങളുടെ വസ്തു നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതൽ 2020-21 വരെ നികുതി തുക ഈടാക്കാതെ കുടിശ്ശികയായി കിടക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടം/ ഉടമ/ കെട്ടിടനം./ഉപയോഗക്രമം | വസ്തു നികുതി പ്രാബല്യത്തിൽ വന്ന വർഷം | ഈടാക്കേണ്ട നികുതി(യു.എ രജിസ്റ്റർ പ്രകാരം) | ഈടാക്കേണ്ട കാലയളവ് |
|---|---|---|---|---|
| 1 | ബി.എസ്.എൻ.എൽ 24/234.A | 2006-007 മുതൽ | 6125*3=18375 | 2006-07 മുതൽ 2020-212nd Half വരെ |
| 2 | ബി.എസ്.എൻ.എൽ/ 18/186F | 2006-007 1st Half മുതൽ | 6125*3=18375 | 2006-007 1st Half മുതൽ 2020-21 2nd Halfവരെ |
| 3 | എയർടെൽ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് /21/140/K | 2006-007 1st Half മുതൽ | 6125*3=18375 | 2006-007 1st Half മുതൽ 2020-212nd Half വരെ |
| 4 | ബി,എസ്.എൻ.എൽ /26/104/C | 2006-007 1st Half മുതൽ | 6125*3=18375 | 2006-007 1st Half മുതൽ 2020-212nd Half വരെ |
| 5 | ബി,എസ്.എൻ.എൽ/ 26/533/I | 2006-007 1st Half മുതൽ | 6125*3=18375 | 2006-007 1st Half മുതൽ 2020-21 2nd Halfവരെ |
| 6 | ടി,എം.ജോസ് തെക്കേക്കര 2/163A/ FF | 2000-2001 1st Half മുതൽ | വിവരം ലഭ്യമായിട്ടില്ല | 2000-2001 1st Half മുതൽ 2020-21 2nd Halfവരെ |
| 7 | കെ.സി വർഗ്ഗീസ്/ കവുങ്ങുമ്പിള്ളിൽ / 1/313/C /റസിഡൻഷ്യൽ | $100m^2$/ 2001-02 1st Half മുതൽ | 558*3=1674 | 2001-02 1st Half മുതൽ 2020-21 2nd Halfവരെ |
| 8 | ബി,എസ്.എൻ.എൽ /12/10/D | 2006-007 1st Half മുതൽ | 6125*3=18375 | 2006-007 1st Half മുതൽ 2020-21 2nd Halfവരെ |
| 9 | ഹാജറ പരീത്,കോട്ടപ്പടി/ /26/632/M വെജിറ്റബിൾ സെല്ലിംഗ് യൂണിറ്റ് | $60M^2$/ 2009-10 1st Half മുതൽ | 1450*3=4350 | 2009-10 1st Half മുതൽ 2020-212nd Half വരെ |
| 10 | ഹാജറ പരീത്,കോട്ടപ്പടി/ 26/632/N എഗ് സെല്ലിംഗ് യൂണിറ്റ് | $20M^2$/ 2009-10 1st Half മുതൽ | 663*3=1989 | 2009-10 1st Half മുതൽ 2020-21 2nd Halfവരെ |
| 11 | അഡ്വക്കേറ്റ് ഷിൻറ്റോവർഗ്ഗീസ് / നെടുമങ്ങാട്ട് / 4/231A/ റെസി | $140m^2$/ 2008-09 1st Half മുതൽ | 1250*3=3750 | 2008-09 1st Half മുതൽ 2020-21 2nd Halfവരെ |

| | | | | |
|---|---|---|---|---|
| 12 | ടി.എം. പൌലോസ് , തേക്കുംകടി/ 15/987A/ ഹെൽത്ത് ക്ലബ് | 300m$^2$/ 2010-11 1st Half മുതൽ | 6300*3=18900 | 2010-11മുതൽ 12-13 വരെ 6300/- രൂപ വീതവും 14-15,15-16 വർഷങ്ങളിൽ ൽ 6300/- രൂപ വീതവുംആണ് ഈടാക്കിയിട്ടുള്ളത്. ടി വർഷങ്ങളിലെ ബാക്കി തുകകളും 20-21 വരെ ബാക്കി വർഷങ്ങളിലെ തുകകളും ഈടാക്കുവാനുണ്ട് |
| 13 | വികാരി/ വിമലഗിരി കാത്തലിക് ചർച്ച് /25/1094A/ വിദ്യാഭ്യാസാവശ്യം | 432M$^2$ /2010-11 2$^{nd}$ Half മുതൽ | 9234*3=27702 | 2010-11 2$^{nd}$ Half മുതൽ 2020-212$^{nd}$ Half വരെ |
| 14 | മാനേജർ, ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ / 12/280A /OFFICE | 1349.61M$^2$/ 2010-11 2$^{nd}$ Half മുതൽ | 28850*3=86550 | 2010-11 2$^{nd}$ Half മുതൽ 2020-21 2$^{nd}$ Halfവരെ |
| 15 | മാനേജർ, ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ / 12/280B/ SCHOOLBLOCK NO.1 | 1389.60M$^2$/ 2010-11 2$^{nd}$ Half മുതൽ | 29710*3=89130 | 2010-11 2$^{nd}$ Half മുതൽ 2020-21 2$^{nd}$ Halfവരെ |
| 16 | സെക്രട്ടറി, മാർബസേലിയസ് മെഡിക്കൽ മിഷൻ ഹോസ്പ്റ്റൽ /26/707(1) /AB BLOCK | 1156.13M$^2$/ 2010-11 2$^{nd}$ Half മുതൽ | 17342*3=52026 | 2010-11 2$^{nd}$ Half, 2019-20 1st Half മുതൽ 2020-21 2$^{nd}$ Halfവരെ |
| 17 | സെക്രട്ടറി , മാർബസേലിയസ് മെഡിക്കൽ മിഷൻ ഹോസ്പ്റ്റൽ / 26/707(2)/ NEW BLOCK | 1291.52M$^2$/ 2011-12 1$^{st}$ Half മുതൽ | 19373*3=58119 | 2019-201$^{st}$ Half മുതൽ 2020-212$^{nd}$ Half വരെ |
| 18 | അഡ്മിനിസ്ട്രേറ്റർ, സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ 2/383(1)/ IP WING | 2540.95m$^2$ /2011-12 1st Half മുതൽ | 38108*3=114324 | 2011-12 1st Half മുതൽ 2020-21 2$^{nd}$ Halfവരെ |
| 19 | അഡ്മിനിസ്ട്രേറ്റർ, സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ 2/386/(1)/ NURSING HOSTEL | 251.58m$^2$/ 2011-12 1st Half മുതൽ | 3774*3=11322 | 2011-12 1st Half മുതൽ 2020-21 2$^{nd}$ Halfവരെ |
| 20 | അഡ്മിനിസ്ട്രേറ്റർ, സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ /2/384/(1)/ പാലിയേറ്റീവ് കെയർ യൂണിറ്റ് | 585.30M$^2$ 2011-12 1st Half മുതൽ | 8776*3=26328 | 2011-12 1st Half മുതൽ 2020-212$^{nd}$ Half വരെ |
| 21 | അഡ്മിനിസ്ട്രേറ്റർ, സെന്റ്ജോസഫ്സ് ഹോസ്പിറ്റൽ | 2683.84M$^2$ 2011-12 1st Half | 40258*3=120774 | 2011-12 1st Half മുതൽ |

| | | | | |
|---|---|---|---|---|
| | 14/456(1), ഒ.പി വിങ് | മുതൽ | | 2020-21 2nd Halfവരെ |
| 22 | ഷൌക്കത്ത് അലി , വാരപ്പിള്ളിക്കടി / 25/321/1 പൌൾട്രി ഫാം | 262.8M$^2$/ 2014-15 1st Half മുതൽ | 1971*3=5913 | 2014-15 1st Half മുതൽ 2020-212nd Half വരെ |
| 23 | ഷൌക്കത്ത് അലി, വാരപ്പിള്ളിക്കടി / 25/321/2 പൌൾട്രി ഫാം | 262.8M$^2$/ 2014-15 1st Half മുതൽ | 1971*3=5913 | 2014-15 1st Half മുതൽ 2020-21 2nd Halfവരെ |
| 24 | ഷൌക്കത്ത് അലി , വാരപ്പിള്ളിക്കടി / 25/321/3 പൌൾട്രി ഫാം | 262.8M$^2$/ 2014-15 1st Half മുതൽ | 1971*3=5913 | 2014-15 1st Half മുതൽ 2020-21 2nd Halfവരെ |
| 25 | ഷൌക്കത്ത് അലി , വാരപ്പിള്ളിക്കടി / 25/321/4 പൌൾട്രി ഫാം | 262.8M$^2$/ 2014-15 1st Half മുതൽ | 1971*3=5913 | 2014-15 1st Half മുതൽ 2020-21 2nd Halfവരെ |
| 26 | ഷൌക്കത്ത് അലി , വാരപ്പിള്ളിക്കടി / 25/321/5 പൌൾട്രി ഫാം | 262.8M$^2$/ 2014-15 1st Half മുതൽ | 1971*3=5913 | 2014-15 1st Half മുതൽ 2020-21 2nd Halfവരെ |
| 27 | സെക്രട്ടറി, എം.എ കോളേജ് അസ്സോസിയേഷൻ / 25/1120/F/ വിദ്യാഭ്യാസം | 6243.14 M$^2$/ 2013-14 1st Half മുതൽ | 112376*3=337128 | 2013-14 1st Half മുതൽ 2020-21 2nd Halfവരെ |
| 28 | പി.സി മത്തായി പുതിയ മഠത്തിൽ /11/209A, ഷോപ്പ് റൂം | 8.69 M$^2$/ 2015-16 1st Half മുതൽ | 608.30*3=1825 | 2016-20171st Half , 2016-2017 2nd Half |
| 29 | തോംസൺ ജേക്കബ് / കല്ലപ്പിള്ളിൽ/ 13/1, വാണിജ്യാവശ്യം | 2263.54 M$^2$/ 2016-17 1st Half മുതൽ | 254650*3=763950 | 2016-17 1st Half മുതൽ 2020-21 2nd Half വരെ |
| 30 | സേവ്യർ അഗസ്റ്റി/ അഞ്ചേരിൽ/ 16/74/F വാണിജ്യാവശ്യം | 263.39 M$^2$/ 2017-18 2 Nd Half മുതൽ | 32002*3-=96006 | 2020-21 2nd Half മുതൽ |
| 31 | സേവ്യർ അഗസ്റ്റി/ അഞ്ചേരിൽ /16/74/G വാണിജ്യാവശ്യം | 239.08 M$^2$/ 2017-18 2 Nd Half മുതൽ | 29048*3=87144 | 2020-21 2nd Half മുതൽ |

മേൽ കെട്ടിടങ്ങളുടെ 2020-21 ലെ വസ്തു നികുതി അടവു വിവരങ്ങൾ, കുടിശ്ശിക വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ നിന്നും ലഭ്യമായിട്ടില്ല. ആയതിനാൽ ഈ കെട്ടിടങ്ങളുടെ വസ്തു നികുതിയുമായി ബന്ധപ്പെട്ട 2020-2021 ലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങളും കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങളും ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം8/29.7.22) ചുവടെ പറയും പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട്.

1) ബി.എസ്.എൻ.എൽ. കെട്ടിടങ്ങളുടെ (ക്രമ നം.1,2,4,5,8) നികുതി അടക്കുന്നതിന് തറ വിസ്തീർണ്ണം അളന്നു തിട്ടപ്പെടുത്തുന്നതിന് കത്തയച്ചിട്ടുണ്ടെന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നികുതി കുടിശ്ശിക ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.
2) ക്രമ നം 3,6,7,9,10,11,12,16,17,28,29,30,31 ലെ കെട്ടിടങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.
3) ക്രമ നം. 13,14,15,18,19,20,21 എന്നീ കെട്ടിടങ്ങൾ റഗുലറൈസ് ചെയ്യുന്നതിന് എഞ്ചിനീയറിംഗ്

സെക്ഷനിൽ നടപടി സ്വീകരിച്ചു വരുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. റഗുലറൈസേഷൻ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4) ക്രമ നം 27 ൽ നികുതി ഈടാക്കുന്നതിന് സംയുക്ത പരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതിന് R1 സെക്ഷനെയും ഓവർസിയറേയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കുടിശ്ശിക നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

5) ക്രമ നം 22, 23, 24, 25, 26 ലെ കെട്ടിടങ്ങൾ കോഴി ഫാം ആയിരുന്നുവെന്നും അന്വേഷണത്തിൽ പൊളിച്ചുകളഞ്ഞിട്ടുള്ളതായി അറിയുന്നുവെന്നും, എങ്കിലും RI യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

മേൽ കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ യു.എ. കെട്ടിടങ്ങളുടെ ഡി.സി.ബി തയ്യാറാക്കി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-11-3 സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡിമാന്റ് വിവരങ്ങൾ ചേർക്കുന്നതിൽ അപാകത

വസ്തുനികുതിയുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റിയുടെ യു എ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടം ക്രമവൽക്കരിക്കാതെ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. കെട്ടിടത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ/<br>കെട്ടിട നം./<br>ഉപയോഗക്രമം | പ്ലിന്ത് ഏരിയ/<br>വസ്തു നികുതി<br>പ്രാബല്യത്തിൽ വന്ന<br>വർഷം | ഈടാക്കേണ്ട<br>നികുതി(യു.എ<br>രജിസ്റ്റർ പ്രകാരം) |
|---|---|---|
| സേവ്യർ അഗസ്റ്റി/<br>അഞ്ചേരിൽ<br>/16/74/F<br>വാണിജ്യാവശ്യം | 263.39 $M^2$/<br>2017-18 2 Nd Half<br>മുതൽ | 32002*3=96006/- |

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിന്നും മേൽ കെട്ടിടത്തിന്റെ 2017 രണ്ടാം അർദ്ധവർഷം മുതൽ ഓരോ അർദ്ധവർഷവും ഈടാക്കേണ്ട വസ്തു നികുതി 48725/- രൂപയാണ്. എന്നാൽ ഡിമാന്റ് വിവരത്തിൽ 2017 രണ്ടാം അർദ്ധവർഷം മുതൽ 2019 ഒന്നാം അർദ്ധവർഷം വരെ ഡിമാന്റ് തുക 0 (Zero) ആയാണ് രേഖപ്പെടുത്തിയിരുന്നത്. 2019 ന ശേഷം വസ്തു നികുതി ഡിമാന്റ് ചെയ്തിരുന്നില്ല. കളക്ഷൻ വിവരത്തിൽ 2017 രണ്ടാം അർദ്ധവർഷം മുതൽ 2019 ഒന്നാം അർദ്ധവർഷം വരെ 201612 /-രൂപ ഈടാക്കിയിട്ടുണ്ടെന്നും (ഓരോ അർദ്ധവർഷവും 50403/- രൂപ വീതം). ബാലൻസ് വിവരത്തിൽ നികുതി കുടിശ്ശിക ഇല്ല എന്നും നികുതി തുക കിഴിച്ച് അധികം അടച്ച തുക 201612/- എന്നുമാണ് രേഖപ്പെടുത്തിയിരുന്നത്.

ഇപ്രകാരം സഞ്ചയയിൽ വസ്തു നികുതി രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കുവാനായി ഓഡിറ്റ് എൻക്വയറി (നം.9/29.07.2022) നൽകിയതിനെത്തുടർന്ന് സോഫ്റ്റ്‌വെയറിൽ ഡിമാന്റ് കൃത്യമാക്കിയെങ്കിലും 2020 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി കുടിശ്ശികയായെന്നും കുടിശ്ശിക ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കുടിശ്ശിക തുക 236908/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1) മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല (1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം3(1) പ്രകാരം ഡിമാന്റ് ചെയ്യാവുന്നതാണ്). വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/<br>വാർഡ് നം | അർദ്ധവർഷം |
|---|---|---|
| 1 | ഉഷാ ഐക്ലിനിക് /11 | രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| 2 | മാനേജർ, എറണാകുളം ഡിസ്സ്ട്രിക്ട് കോഓപ്പറേറ്റീവ് ബാങ്ക് , /17 | രണ്ടാം അർദ്ധവർഷം |
| 3 | കോതമംഗലം വനിതാ സർവീസ് കോഓപ്പറേറ്റീവ് സോസൈറ്റി/17 | ഒന്നാം അർദ്ധവർഷം |
| 4 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് , കോതമംഗലം /17 | രണ്ടാം അർദ്ധവർഷം |
| 5 | മാനേജർ, ഫോക്കസ് പേൾസ് മാർട്ട് ലിമിറ്റഡ്/30 | രണ്ടാം അർദ്ധവർഷം |
| 6 | ബ്രാഞ്ച് മാനേജർ, കാനറാ ബാങ്ക് , എസ്.എം.ഇ /30 | രണ്ടാം അർദ്ധവർഷം |
| 7 | മാനേജർ, ഇൻഡസ് മോട്ടോർ കോ.പ്രൈ.ലിമിറ്റഡ് / 30 | രണ്ടാം അർദ്ധവർഷം |
| 8 | മാനേജർ,4 ആർമ്സ് ഫസിലിറ്റേറ്റേഴ്സ് പ്രൈ.ലിമിറ്റഡ്/30 | രണ്ടാം അർദ്ധവർഷം |
| 9 | ടീം ലീസ് ബാറ്റാ ഇൻഡ്യ ലിമിറ്റഡ്/30 | ഒന്നാം അർദ്ധവർഷം |
| 10 | മാനേജർ , സബ് കിരൺ ക്യാപ്പിറ്റൽ ലിമിറ്റഡ്/31 | രണ്ടാം അർദ്ധവർഷം |
| 11 | ഷോപ്പ് ഇൻ ചാർജ് KSBC Ltd /31 | രണ്ടാം അർദ്ധവർഷം |
| 12 | സെക്രട്ടറി, കോതമംഗലം റൂറൽ കോഓപ്പറേറ്റീവ് സോസൈറ്റി /31 | രണ്ടാം അർദ്ധവർഷം |
| 13 | മാനേജർ, നാബ് ഫിൻസ് ലിമിറ്റഡ്, തങ്കളം/31 | രണ്ടാം അർദ്ധവർഷം |
| 14 | മാനേജർ, പോപ്പുലർ വെഹിക്കിൾസ് & സർവീസസ് ലിമിറ്റഡ് /31 | രണ്ടാം അർദ്ധവർഷം |
| 15 | മാനേജർ , മൂലൻസ് ഫാമിലി മാർട്ട്/31 | രണ്ടാം അർദ്ധവർഷം |
| 16 | മാനേജർ, നീലുംപിള്ളിൽ ഫിനാൻഷ്യൽ കോ ഓപ്പറേറ്റീവ് ലിമിറ്റഡ്/31 | രണ്ടാം അർദ്ധവർഷം |
| 17 | ഫോക്കസ് പാർട്സ് മാർട്ട് , കോതമംഗലം/31 | ഒന്നാം അർദ്ധവർഷം |
| 18 | ടി.വി.ജെ ഐ ഹോസ്പിറ്റൽ, കോതമംഗലം /31 | ഒന്നാം അർദ്ധവർഷം |
| 19 | എ.ഇ PWD റോഡ് സെക്ഷൻ, കോതമംഗലം/31 | ഒന്നാം അർദ്ധവർഷം |
| 20 | കോഓപ്പറേറ്റീവ് ഡിപ്പാർട്ട് മെന്റ് സ്റ്റോർ, കോതമംഗലം/31 | ഒന്നാം അർദ്ധവർഷം |
| 21 | റിലയൻസ് SMSL ലിമിറ്റഡ്, ജിയോ പോയിന്റ്, കോതമംഗലം | ഒന്നാം അർദ്ധവർഷം |
| 22 | മാനേജർ, ക്യൻസ് കോർപ്പ് ലിമിറ്റഡ്/31 | രണ്ടാം അർദ്ധവർഷം |
| 23 | മാനേജർ, ഡെലിവറി പ്രൈ.ലിമിറ്റഡ്/31 | രണ്ടാം അർദ്ധവർഷം |
| 24 | മാനേജർ, യൂണിയൻ മോബൈൽസ് പ്രൈ.ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 25 | മാനേജർ, ടീം ലീഗ് ലിമിറ്റഡ്, BMTG Commercial Complex | രണ്ടാം അർദ്ധവർഷം |
| 26 | മൂലൻസ് ഫാമിലി മാർട്ട്/31 | രണ്ടാം അർദ്ധവർഷം |
| 27 | കെ.പി വർക്കി & സൺസ് ജ്വല്ലറി/31 | രണ്ടാം അർദ്ധവർഷം |
| 28 | സെക്രട്ടറി കോഒപ്പറേറ്റീവ് വർക്കിംഗ് സൊസൈറ്റി/31 | ഒന്നും രണ്ടും അർദ്ധവർഷം |
| 29 | മാനേജർ, കേരള നോർത്ത് ഗ്രാമീൺ ബാങ്ക്/31 | ഒന്നും രണ്ടും അർദ്ധവർഷം |
| 30 | പെരിയാർ ബാങ്ക്/31 | ഒന്നും രണ്ടും അർദ്ധവർഷം |
| 31 | കെ,പി മാത്യൂ കണ്ടിരിക്കൽ ജ്വല്ലറി /31 | ഒന്നും രണ്ടും അർദ്ധവർഷം |
| 32 | എൻ.ജെ.എസ് ഫിനാൻസ്/31 | ഒന്നും രണ്ടും അർദ്ധവർഷം |
| 33 | കെ.പി ചാക്കോ & സൺസ് ജ്വല്ലറി/31 | ഒന്നും രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| 34 | മണപ്പുറം ഫിനാൻസ്/30 | ഒന്നാം അർദ്ധവർഷം |
| 35 | മാനേജർ, കോതമംഗലം അഗ്രി.ജെവലപ്പ്മെന്റ് കോഓപ്പറേറ്റീവ് സോസൈറ്റി/30 | ഒന്നും രണ്ടും അർദ്ധവർഷം |
| 36 | മാനേജർ, കൊശമറ്റം ഫിനാൻസ്/30 | ഒന്നാം അർദ്ധവർഷം |
| 37 | സെക്രട്ടറി, കോതമംഗലം അർബൻ സൊസൈറ്റി/30 | ഒന്നും രണ്ടും അർദ്ധവർഷം |
| 38 | ജെ.ജെ ഗോൾഡ് &സിൽവർ ജ്വല്ലറി/30 | ഒന്നും രണ്ടും അർദ്ധവർഷം |

2) മുനിസിപ്പാലിറ്റി പരിധിയിൽ കോടതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും അഡ്വക്കേറ്റമാരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല (1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് , വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2 )പ്രകാരം ഡിമാന്റ് ചെയ്യാവുന്നതാണ്)
3) തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ ജീവനക്കാരുടെ പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി/ രസീതു നമ്പർ /തീയതി എന്നിവയും ഡി.സി.ബി യും രേഖപ്പെടുത്തുന്നില്ല.

ക്രമ നം.1,2,3 ലെ അപാകതകൾക്ക് വിശദീകരണം നൽകുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം7/29.07.2022) (നം.22/02.08.22) ലഭ്യമായ മറുപടിയിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അഡ്വക്കേറ്റ്മാരിൽ നിന്നും നോട്ടീസ് നൽകി തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയവ ഈടാക്കി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ ക്രമ നം. 3 ലെ അപാകതകൾ പരിഹരിക്കേണ്ടതും തൊഴിൽ നികുതി രജിസ്റ്റർ കൃത്യമാക്കി പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

1-12-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

നഗരസഭയിലെ സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ ഓരോ വാർഡിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കാതെ ഒട്ടനവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് /വാർഡ് നം. | അർദ്ധ വർഷം(20-21) |
|---|---|---|
| 1 | സെക്രട്ടറി , മിനി സൂപ്പർമാർക്കറ്റ് /21 | രണ്ടാം അർദ്ധവർഷം |
| 2 | വിജയ് ഏജൻസീസ് /24 | രണ്ടാം അർദ്ധവർഷം |
| 3 | മാനേജർ, വിദ്യാവികാസ് പബ്ലിക് സ്കൂൾ/26 | രണ്ടാം അർദ്ധവർഷം |
| 4 | മാനേജർ, കൊശമറ്റം ഫിനാൻസ് /30 | രണ്ടാം അർദ്ധവർഷം |
| 5 | ഡോ.കെ.എ ചെറിയാൻ/കോട്ടക്കൽ മെഡിക്കൽസ് /30 | രണ്ടാം അർദ്ധവർഷം |
| 6 | ദ പ്രിൻസിപ്പാൾ , എൽദോ മാർ ബസേലിയസ് കോളേജ്/30 | ഒന്നും രണ്ടും അർദ്ധവർഷം |
| 7 | മാനേജർ, അഗ്രികൾച്ചറൽ ഡെവലപ്പ്മെന്റ് കോഓപ്പറേറ്റീവ് സോസൈറ്റി /ഇ.1232/30 | രണ്ടാം അർദ്ധവർഷം |
| 8 | പി.ജെ പൌലോസ് / പ്രീമിയർ ഫിനാൻസ്/30 | ഒന്നും രണ്ടും അർദ്ധവർഷം |
| 9 | ബിനു പീറ്റർ/ പാലക്കാടൻ പെയിന്റ്സ്/30 | ഒന്നും രണ്ടും അർദ്ധവർഷം |
| 10 | ഐെറിസ് ടൂറിസ്റ്റ് ഹോം,/30 | ഒന്നാംഅർദ്ധവർഷം |
| 11 | ചാൾസ് മാത്യു, കുരുവിത്തടം ഏജൻസീസ് /17 | ഒന്നും രണ്ടും അർദ്ധവർഷം |
| 12 | പി.ജെ മാത്യു, പീച്ചാട് ഹോസ്പിറ്റൽ & ലോഡ്ജ്/17 | ഒന്നും രണ്ടും അർദ്ധവർഷം |
| 13 | ഷിബു കുര്യാക്കോസ്/ഹിന്ദുസ്ഥാൻ പെട്രോളിയം /17 | ഒന്നും രണ്ടും അർദ്ധവർഷം |
| 14 | മാനേജർ, കെ.എൽ.എം ആക്സിവ ഫിൻവെസ്റ്റ് /17 | രണ്ടാം അർദ്ധവർഷം |
| 15 | ഡോ. വിഷൻ പോൾ & ഡോ.ബിലു സാറാ റൂട്ട് കെയർ ഡെന്റൽ ക്ലിനിക് /30 | ഒന്നാം അർദ്ധവർഷം |
| 16 | പി.എച്ച് സെയ്തു മുഹമ്മദ് , ദ രാംകോ സിമന്റ്സ് ലിമിറ്റഡ്/30 | ഒന്നും രണ്ടും അർദ്ധവർഷം |

1)തൊഴിൽ നികുതി രജിസ്റ്ററിൽ ഡി.സി.ബി. എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നഗരസഭയിലെ ഓരോ വാർഡിലെയും സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയ നികുതി വിവരങ്ങൾ പൂർണ്ണമായും രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അക്കൌണ്ട്സ് പ്രകാരമുള്ള ഡി.സി.ബി തുകകളുടെ കൃത്യത രജിസ്റ്ററുമായി ഒത്തുനോക്കി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.
2)മേൽ സ്ഥാപനങ്ങളുൾപ്പെടെയുള്ള നഗരസഭയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/1.8.2022) ലഭ്യമായ മറുപടിയിൽ നോട്ടീസ് നൽകി സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളുൾപ്പെടെയുള്ള നഗരസഭയിൽ പ്രവർത്തിക്കുന്ന സ്ഥാപനതൊഴിൽ നികുതി ഈടാക്കാത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും നികുതി

ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിൽ വാർഡടിസ്ഥാനത്തിൽ ഡി.സി.ബി എഴുതി സൂക്ഷിക്കേണ്ടതാണ്.

1-13 ഡി & ഒ ലൈസൻസ്-അപാകതകൾ

2011ലെ കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഓഡിറ്റ് വർഷത്തിൽ നഗരസഭയിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യാപാര ലൈസൻസ് അനുവദിക്കുന്നതും പുതുക്കി നൽകുന്നതുമായ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ രേഖ ഹാജരാക്കേണ്ടതും അല്ലാത്ത പക്ഷം ചട്ടപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 26.07.2022 ലെ 30ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

1.താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2020-21 വർഷം ലൈസൻസ് പുതുക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വ്യാപാരിയുടെ പേര്, വിലാസം | വ്യാപാരം |
|---|---|---|---|
| 1 | 23/75 | റെന്നിസ് ടി എ, താനിക്കുന്നേൽ | വർക്ക്ഷോപ്പ് |
| 2 | 31/310 | ടി എം അബ്ദുൾ ഖാദർ, തോട്ടത്തിൽ | കൂൾ ബാർ |
| 3 | 31/590 സി | എ കുമാരൻ, അർത്തുങ്കൽ | പ്രിന്റിംഗ് വർക്ക്സ് |
| 4 | 31/945 | ബാബു കെ വി, കാക്കത്തുരുത്തേൽ | സ്റ്റുഡിയോ |
| 5 | 31/1221 | ബേബി തോമസ്, ആഞ്ഞിലിവേലിൽ | ലഭ്യമല്ല |
| 6 | 2/429 | ബിജു ജോർജ്, കോയിക്കര | പെയിന്റ് |

ചില സ്ഥാപനങ്ങൾ നിർത്തലാക്കിയെന്നും ചിലവയുടെ ലൈസൻസ് ക്യാൻസൽ ചെയ്തെന്നും മറുപടിയിൽ അറിയിച്ചെങ്കിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നും രജിസ്റ്ററിലില്ല. രജിസ്റ്ററിൽ വേണ്ട രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
2. താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ പത്രത്തിന്റെ കാലാവധി പരിഗണിക്കാതെയും സർട്ടിഫിക്കറ്റ് ഹാജരാക്കാതെയും ലൈസൻസ് അനുവദിച്ചു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | വ്യാപാരിയുടെ പേര്, ലൈസൻസ് നമ്പർ | വ്യാപാരം | കുറിപ്പ് |
|---|---|---|---|---|
| 1 | 31/212 | ജോൺ കെ പോൾ, കുറ്റക്കാരൻ 149/20-21 | പോപ്പുലർ വെഹിക്കിൾസ് & സർവീസസ് ലിമിറ്റഡ് | നിരാക്ഷേപ പത്രത്തിന്റെ കാലാവധി 30.06.2020 വരെ |
| 2 | 31/339 | ലിജോ ഗംഗാധരൻ, തേക്കനാട്ട് വീട് 160/20-21 | കാർ വാഷിംഗ് | 10 ദിവസത്തിനുള്ളിൽ നിരാക്ഷേപ പത്രം ഹാജരാക്കാമെന്ന വ്യവസ്ഥയിൽ ലൈസൻസ് അനുവദിച്ചു |

ക്രമ നമ്പർ 1 ലെ അപേക്ഷകൻ 30.06.2025 വരെയുള്ള കാലയളവിലേക്ക് പുതുക്കിയ നിരാക്ഷേപ പത്രം ഹാജരാക്കിയെന്ന് മറുപടി നൽകിയെങ്കിലും രേഖ ഹാജരാക്കിയില്ല. ആയതിനാൽ ലൈസൻസ് അനുവദിച്ച കാലയളവിൽ സാക്ഷ്യപത്രം സാധുവായിരുന്നോയെന്ന് വ്യക്തമല്ല. ക്രമ നം.2 അപേക്ഷയിലും സാക്ഷ്യപത്രം ഹാജരാക്കിയെന്ന് അറിയിച്ചെങ്കിലും പരിശോധനക്ക് ലഭ്യമായിട്ടില്ല.
3. താഴെപ്പറയുന്ന സ്ഥാപനത്തിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് അപേക്ഷയിലോ രജിസ്റ്ററിലോ രേഖപ്പെടുത്തലില്ല.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | വ്യാപാരിയുടെ പേര്, | വ്യാപാരം | കുറിപ്പ് |
|---|---|---|---|---|
| 1 | 31/418 | വി കെ ബേബി, വടക്കേപ്ലാത്തുകുടി | ലെയ്ത്ത് വർക്ക്ഷോപ്പ് | നിരാക്ഷേപപത്രം ഫയലിൽ ഇല്ല |

സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ രേഖ ഹാജരാക്കേണ്ടതും അല്ലാത്ത പക്ഷം ചട്ടപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2020-21 കോവിഡിന്റെ പശ്ചാത്തലത്തിൽ സ്ഥാപനം തുറന്ന് പ്രവർത്തിക്കാത്തതിനാൽ ലൈസൻസ് എഴുതി നൽകിയിരുന്നില്ലെന്നാണ് മറുപടി നൽകിയത്.

2011ലെ കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 13, 14, 15 എന്നിവ പ്രകാരം യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിന് പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കി ലൈസൻസ് നൽകുകയോ, പുതുക്കുകയോ ചെയ്യുന്നതായി ഫയലിൽ നിന്നോ രജിസ്റ്ററിൽ നിന്നോ വ്യക്തമല്ല. ചട്ട പ്രകാരം യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനും പുതുക്കുന്നതിനും ഫീസീടാക്കി അനുമതി നൽകുന്നുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നതിന് യന്ത്ര സാമഗ്രികൾക്ക് ഫീസ് ഈടാക്കുന്നതിന് പുതിയ വിജ്ഞാപനത്തിൽ നിർദ്ദേശം നൽകിയിട്ടില്ലെന്നാണ് മറുപടി നൽകിയത്.

വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് അനുവദിക്കുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-14 കിസ്തിളവ്-തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

നഗരസഭ വക ബസ് സ്റ്റാൻഡ് ഫീസ് പിരിവ് ശ്രീനഹാസ്.എം.എ, മാലിപുത്തൻപുര എന്നയാൾ 11,04,000/- രൂപയ്ക്കാണ് ലേലം കൊണ്ടിരുന്നത്. കൊവിഡ് 19 മൂലമുള്ള ലോക്ക്ഡൗണിന് ശേഷം 2020 ജൂൺ മുതൽ ഉപാധികളോടെ ബസ് സർവീസ് ആരംഭിച്ചെങ്കിലും സർവീസ് നടത്തിയിരുന്ന ബസ്സുകളിൽ നാലിലൊന്ന് മാത്രമാണ് സർവീസ് നടത്തിയതെന്നും വിവിധ പ്രദേശങ്ങൾ കണ്ടെയ്ൻമെന്റ് സോൺ ആയതിനാൽ ബസ്സുകളുടെ എണ്ണം വീണ്ടും കുറഞ്ഞെന്നും ആയതിനാൽ ലേലത്തുകയിൽ 50% കുറവ് വരുത്തണമെന്നും ജി എസ് ടി പൂർണ്ണമായും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് കരാറുകാരൻ നഗരസഭയ്ക്ക് അപേക്ഷ നൽകി. നഗരസഭാ കൗൺസിലിന്റെ 08.09.2020 ലെ 56ാം തീരുമാനപ്രകാരം 09.11.2020 ലും 22.12.2021 ലും ആർ4-11/2020 നമ്പർ കത്ത് മുഖേന ഇക്കാര്യത്തിൽ അനുമതി തേടി നഗരകാര്യ ഡയറക്ടർക്ക് നഗരസഭ കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ബസ് സ്റ്റാന്റ് ഫീസ് പിരിവ് ഇനത്തിൽ നഗരസഭയ്ക്ക് ലഭ്യമാകാനുള്ള അവശേഷിക്കുന്ന തുകയായ 361488/- രൂപ ഈടാക്കുന്നതിന് 13.04.2021 ലെ 18ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം റവന്യൂ റിക്കവറിക്കായി പ്രാരംഭ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ കരാറുകാരൻ ബഹു.കേരളാ ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP© No.11069/21 നമ്പർ ഹർജിയിൽ തീർപ്പുണ്ടാകുന്നത് വരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കരുതെന്ന് ഉത്തരവായിരുന്നു. ആയതിനാൽ നഗരസഭയ്ക്ക് അവശേഷിക്കുന്ന തുക ഈടാക്കാൻ സാധിച്ചിരുന്നില്ല. സർക്കാർ അനുമതിക്ക് വിധേയമായി നടപടി സ്വീകരിക്കുവാനാണ് നിലവിൽ കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ കോടതിവിധി, സർക്കാർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 വാടക കുടിശ്ശിക-തുടർനടപടികൾ അറിയിക്കേണ്ടതാണ്

നഗരസഭ വക ഓൾഡ് ബസ് സ്റ്റാന്റ് കെട്ടിടത്തിലെ രണ്ടാം നിലയിൽ 1, 2, 10 നമ്പർ മുറികൾ, പുതുപ്പാടി-ചിറപ്പടി കെട്ടിടത്തിലെ 21/82 എ, 82 ബി, 82 സി നമ്പർ മുറികൾ മിനി ബസ് സ്റ്റാന്റ് കെട്ടിടത്തിലെ 17/405 നമ്പർ മുറി എന്നിവ ശ്രീ.പോൾസൺ കെ പീറ്റർ, കാടംകുളം, ആയവന പി ഒ എന്ന വ്യക്തിക്ക് കുത്തകയ്ക്ക് അനുവദിച്ചിരുന്നു. തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയിരുന്നതിനാൽ മുറികൾ നഗരസഭ അടച്ചുപൂട്ടി കസ്റ്റഡിയിലെടുത്ത് കുത്തക റദ്ദ് ചെയ്യുകയും ഡെപ്പോസിറ്റായി ഒടുക്കിയിരുന്ന തുക കുടിശ്ശികയിലേക്ക് വകയിരുത്തുകയും ചെയ്തിരുന്നു. ഡെപ്പോസിറ്റ് തുക കുടിശ്ശികയിലേക്ക് വകയിരുത്തിയതിന് ശേഷം 22800/-രൂപ 2020-21 വർഷത്തെ വാടക കുടിശ്ശികയിനത്തിൽ ഈടാക്കാനാവശേഷിക്കുന്നുണ്ട്. ടിയാൾ 01.12.2020 മുതൽ നഗരസഭ മുറി പൂട്ടി എടുത്തത് വരെയുള്ള കുടിശ്ശിക, ജി എസ് ടി, പിഴപ്പലിശ എന്നിവ സഹിതം തിട്ടപ്പെടുത്തിയ 46937/- രൂപ റവന്യൂ റിക്കവറി നടത്തുന്നതിനായി നഗരസഭ 29.12.2021 ലെ 2021/7999/07 നമ്പർ നോട്ടീസ് നൽകിയിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ച് തുക ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 നിർമ്മാണം പൂർത്തിയായ വാണിജ്യ കെട്ടിടം ക്രമവൽക്കരിച്ചിട്ടില്ല

നഗരസഭയിലെ 31ാം വാർഡിൽ 2821ചതുരശ്ര മീറ്റർ സ്ഥലത്ത് വാണിജ്യാവശ്യത്തിനായി 2655.11ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ.അനി കുഞ്ഞപ്പൻ, ശ്രീമതി ഷിൻസി അനി, ഒറവലക്കുടി, നെല്ലിക്കുഴി എന്നിവർ 30.07.2019 ൽ അപേക്ഷ സമർപ്പിച്ചിരുന്നു (ഫയൽ നമ്പർ പി ഡബ്ല്യൂ-2-13584/19). പ്ലിന്ത് ഏരിയ 1000 ചതുരശ്ര മീറ്ററിൽ അധികരിക്കുന്നതിനാൽ Initial Fire NOC ലഭ്യമാക്കണമെന്ന നഗരസഭയുടെ നിർദ്ദേശത്തെത്തുടർന്ന് Initial Fire NOC ലഭ്യമാക്കുകയും പ്ലാനിലെ വിവിധ അപാകതകൾ പരിഹരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ PW2-75/19-20 നമ്പർ പെർമിറ്റ് ഫീസീടാക്കി 07.06.2020 തീയതിയിൽ നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. 14.07.2021 ൽ Partial Completion അനുദിച്ച് നൽകണമെന്ന അപേക്ഷയെത്തുടർന്ന് സ്ഥലപരിശോധന നടത്തിയതിൽ പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം നടന്നിട്ടുള്ളതിനാൽ 07.10.2021 ൽ പെർമിറ്റ് റിവൈസ് ചെയ്ത് 1351.69 ചതുരശ്ര മീറ്ററിന് നിർമ്മാണാനുമതി നൽകുകയും 03.12.2021 ൽ 451.41 ചതുരശ്ര മീറ്ററിന് Partial Occupancy Certificate നൽകുകയും ചെയ്തു. കെട്ടിടത്തിന്റെ കംപ്ലീഷനോടനുബന്ധിച്ച് Kerala State Energy Conservation Building Code അനുസരിച്ചുള്ള NOC ഹാജരാക്കിക്കൊള്ളാമെന്നുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് സാക്ഷ്യപത്രം അനുവദിച്ചിട്ടുള്ളതെന്ന് കാണുന്നു. 31/437E നമ്പറായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടം ഭാഗികമായി മാത്രം നികുതി നിർണ്ണയം നടത്തിയതാണെങ്കിലും മുഴുവൻ ഏരിയയും പണി പൂർത്തീകരിച്ച് ഏപ്രിൽ 2022 മുതൽ ഉപയോഗിച്ച് വരുന്നതായി റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് നൽകി. Partial Completion അനുവദിച്ച ഏരിയയിൽ അധികരിച്ച് നിർമ്മാണം പൂർത്തീകരിക്കുകയും വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുന്നതായും സ്ഥലപരിശോധനയിൽ കണ്ടെത്തിയിരുന്നു. അനധികൃത നിർമ്മാണത്തിനെതിരെ നഗരസഭ 09.05.2022 ൽ നോട്ടീസ് നൽകിയതിന് Fire And NOC ക്ക് ആവശ്യമായ വർക്ക് നടന്ന് വരുന്നതിനാൽ നിയമാനുസൃതമാക്കാനായി സമയം അനുവദിച്ച് നൽകണമെന്ന് കക്ഷി നഗരസഭയ്ക്ക് 27.05.2022 ൽ അപേക്ഷ നൽകിയതായി കാണുന്നു. കെട്ടിടം ക്രമവൽക്കരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 01.08.2022 ലെ 19ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടം ക്രമവൽക്കരിക്കുന്നതിന് കക്ഷികൾ നഗരസഭയിൽ അപേക്ഷ നൽകിയിട്ടില്ലാത്തതിനാൽ നിലവിൽ യുഎ നമ്പർ നൽകി നികുതി ചുമത്തിയിട്ടുണ്ടെന്നും വ്യാപാരത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ഹെൽത്ത് സൂപ്പർവൈസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വിശദീകരിച്ചു. അനധികൃത നിർമ്മാണത്തിനെതിരെ തുടർനടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും നഗരസഭ അറിയിച്ചിട്ടുണ്ട്. ക്രമവത്ക്കരണ നടപടികൾ പൂർത്തീകരിച്ച് അറിയിക്കേണ്ടതും അല്ലാത്ത പക്ഷം 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 96 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 ബിൽഡിംഗ് റെഗുലറൈസേഷൻ അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 144(3), 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) എന്നിവ പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവത്കരണത്തിനുള്ള അപേക്ഷകളിലും അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്ക്കരണം നിരസിക്കുന്ന അപേക്ഷകളിൽ ചട്ടം 147 (1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ), ചട്ടം 96 (2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ) എന്നിവ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ, മുൻവർഷങ്ങളിൽ കെട്ടിടങ്ങളുടെ റെഗുലറൈസേഷനു വേണ്ടി നഗരസഭയിൽ ലഭിച്ച താഴെപ്പറയുന്ന അപേക്ഷകളിൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അപേക്ഷകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഫയൽ നം./തീയതി | അപേക്ഷകന്റെ പേര് |
|---|---|---|

| | | |
|---|---|---|
| 1 | 9545/08.05.17 | സലിംകുമാർ വി ആർ |
| 2 | 10322/23.05.2017 | ടി ജെ ജോർജ് |
| 3 | 11499/13.06.2017 | സതീഷ് കുമാർ, കല്ലറയ്ക്കൽ |
| 4 | 11500/13.06.2017 | ഹരിഹരൻ നായർ |
| 5 | 7115/29.03.2017 | ചന്ദ്രിക ഗോപിനാഥ് |
| 6 | 11928/20.06.2017 | റോയ് ജോസഫ് |
| 7 | 11932/20.06.2017 | കെ എം ഫാഫിസ് |
| 8 | 11978/21.06.2017 | ഗീതാദേവി |
| 9 | 17909/10.10.2017 | വികാരി, തിരുവിതാംകൂർ<br>കൊച്ചി ഡയോസിഷൻ<br>ട്രസ്റ്റ് അസോസിയേഷൻ |
| 10 | 328237/31.10.2017 | ജോബി ജോൺ |
| 11 | 350137/15.11.17 | പൊന്നപ്പൻ പി കെ |
| 12 | 21969/19.12.17 | ഷിബു എൻ |
| 13 | 20612/ലഭ്യമല്ല | യെൽദോ പി സി |
| 14 | 5089/14.03.2018 | ബാബു S/o കുര്യാക്കോസ് |
| 15 | 7073/03.04.18 | രാജു പി കെ |
| 16 | 7201/05.04.18 | ബിന്ദു സജി |
| 17 | 7071/30.04.18 | ലിസി ജോസ്, നെടുംപാറ |
| 18 | 8704/08.05.18 | ജെയ്സൻ & സി പി ഷിബു |
| 19 | 9035/16.05.18 | വി കെ അനിൽ |
| 20 | 586044/18.05.18 | എൽദോസ് പി |
| 21 | 602693/18.05.18 | രമണി സഹദേവൻ |
| 22 | 615438/29.05.18 | ആന്റണി കെ ജെ & സെബാസ്റ്റ്യൻ |
| 23 | 13045/18.07.18 | ജോജി മാത്യു |
| 24 | 13328/24.07.18 | ഷിബു കുര്യാക്കോസ് |
| 25 | 10592/12.06.18 | ബഷീർ വടക്കേടത്ത് |
| 26 | 13356/24.07.18 | എൽദോസ് മത്തായി |
| 27 | 15376/04.09.18 | കെ എം ഹാരിസ് |
| 28 | 16126/18.09.18 | ശ്രീമതി ലളിത കെ സി & ശ്രീ ടോമി കെ കെ |
| 29 | 18354/24.10.18 | പ്രസിഡന്റ്, ഗുരുചൈതന്യ ചാരിറ്റബിൾ ട്രസ്റ്റ് |
| 30 | 20668/06.12.18 | പരീത്, എടയപ്പുറം |
| 31 | 41/22.01.19 | ഔസേഫ് |
| 32 | 1146/25.01.19 | രഞ്ജിത ജെ |
| 33 | 6485/02.04.19 | ഗീതാദേവി |
| 34 | 6483/02.04.19 | ബിജി എ കുരുവിള |
| 35 | 7349/09.04.19 | സാബു വർഗീസ് |
| 36 | 10328/04.06.19 | തങ്കമ്മ രഘു |
| 37 | 9876/27.05.19 | സാവിത്രി |
| 38 | 1052645/25.06.19 | ലിജോ പുതുക്കുന്നത്ത് |
| 39 | 11976/19 | പി എ രവി |
| 40 | 12165/06.07.19 | വി എം ഐസക്ക് |
| 41 | 13092/20.07.19 | ഗ്രേഷ്യസ് എം ജോൺ |
| 42 | 13988/07.08.19 | മൈതീൻ എം ഇ |
| 43 | 14997/27.08.19 | ശരത് വർഗീസ് രാജൻ |
| 44 | 2941/13.02.2020 | ബേബി കെ എം |
| 45 | 6565/23.03.20 | ബേസിൽ സുഭാഷ് |
| 46 | 13581/08.10.20 | എ എ വർഗീസ് & മേരി വർഗീസ് |
| 47 | 7025/06.05.20 | ലിജ സിജിരാജ് |
| 48 | 15565/19.11.20 | വൽസ ജോയി |
| 49 | 15904/25.11.20 | രാജൻ സി വി |
| 50 | 16665/14.12.20 | രാജേഷ് ജി, സവിത രാജേഷ് |
| 51 | 16568/09.12.20 | പെണ്ണമ്മ |
| 52 | 1268/27.01.21 | ഷിബു ടി വർഗീസ് |
| 53 | 1573/21 | കാർത്യായനി അമ്മ |
| 54 | 2184/10.02.21 | സജീവ് & ബിനു |

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 242 പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ആയതിന് വേണ്ടി 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(1, 2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് യുഎ നമ്പർ നൽകേണ്ടതാണ്. മേൽ സൂചിപ്പിച്ച അപേക്ഷകളുടെ കാര്യത്തിൽ ഇപ്രകാരം യുഎ നമ്പർ നൽകി, വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 30.07.2022 ൽ 15ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിട നിർമ്മാണ ക്രമവൽക്കരണ അപേക്ഷകളിൽ അപാകതകൾ പരിഹരിക്കുന്നതിന് യഥാസമയം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അപാകതകൾ പരിഹരിച്ച് പ്ലാൻ/രേഖകൾ ഹാജരാക്കാത്ത അപേക്ഷകളാണ് നിലവിൽ ക്രമവൽക്കരിക്കാൻ സാധിക്കാത്തതെന്നുമാണ്. ചട്ടപ്രകാരം നികുതി ചുമത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്ത് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-18 ഫോം വിതരണത്തിലെ അപാകതകൾ

മുനിസിപ്പാലിറ്റിയിൽ വിതരണം ചെയ്യുന്ന വിവിധ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ഫോമുകൾ (ഉദാ. വിവാഹ രജിസ്ട്രേഷൻ, ജനനമരണ രജിസ്ട്രേഷൻ, ഉടമസ്ഥാവകാശം മാറ്റൽ, ലൈസൻസ് അപേക്ഷകൾ, വിവിധ സർട്ടിഫിക്കറ്റുകൾ മുതലായവ) വിതരണം ചെയ്ത് പണം അടക്കുമ്പോൾ സാംഖ്യയിൽ രസീതു അടിച്ച് അപേക്ഷകന് നൽകുന്നില്ല. പിന്നീട് ക്യാഷ് ക്ലോസ് ചെയ്യുന്ന സമയത്ത് ആ ദിവസം നൽകിയ എല്ലാ ഫോമുകളുടേയും പണം Sale Of Forms എന്ന ഹെഡിൽ അടിച്ച് രസീതു മുനിസിപ്പാലിറ്റിയിൽ സൂക്ഷിക്കുന്നു.

ഇപ്രകാരം മുനിസിപ്പാലിറ്റിയിൽ ലഭിക്കുന്ന ഓരോ അപേക്ഷകൾക്കും രസീത് അടിച്ച് നൽകാതെ പണം വാങ്ങി ഫോമുകൾ നൽകുന്നതിന് വിശദീകരണമാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.10/29.07.2022) വിവിധ ആവശ്യങ്ങളുടെ ഫോമുകൾ ആയതിനാൽ വില ഈടാക്കി വിതരണം ചെയ്യുമ്പോൾ പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാകുന്നതിനാലാണ് ഇപ്രകാരം ചെയ്തതെന്നാണ് അറിയിച്ചത്. ഇനി മുതൽ ഓഡിറ്റ് നിർദ്ദേശം പലിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഫോമുകൾ നൽകുമ്പോൾ സാംഖ്യയിൽ അപ്പോൾ തന്നെ രസീത് അടിച്ച് അപേക്ഷകന് നൽകേണ്ടതും തുക കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതുമാണ്.

## 1-19 ജൈവവളം വിതരണം-പദ്ധതി രൂപീകരിച്ചില്ല

വൗച്ചർ നം 66-10/2020/22.10.2020 പ്രകാരം 3,00,000/- രൂപ ജൈവവളം വിതരണം ചെയ്ത വകയിൽ KAICOക്ക് നൽകിയിട്ടുണ്ട് (ഫയൽ.നം-A3/20100/19). ജൈവകൃഷി അവലംബിക്കുന്ന മികച്ച നഗരസഭക്കുള്ള അവാർഡ് തുക ലഭിച്ചതാണ് ഇപ്രകാരം ചെലവഴിച്ചതെന്ന് വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വളം ആർക്കൊക്കെയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമല്ല. പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങിയല്ല തുക ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്താക്കളെ എപ്രകാരം തെരെഞ്ഞെടുത്തു എന്നതിലും വ്യക്തതയില്ല. തൻവർഷം പ്രോജക്ട് നം-31/21-പുരയിടകൃഷി വികസനം, 349/21-പച്ചക്കറിക്കൃഷി ടെറസിലും മുറ്റത്തും എന്നീ പദ്ധതികളിൽപ്പെടുത്തി ജൈവവളം വിതരണം നടത്തിയിട്ടുണ്ട്. വികസനഫണ്ട് വകയിരുത്തിയ ഈ പ്രോജക്ടുകൾ മുഖേന വളം വിതരണം നടത്തിയ സാഹചര്യത്തിൽ അവാർഡ് തുക കൊണ്ട് വളം വിതരണം നടത്തേണ്ട സാഹചര്യം വ്യക്തമല്ല.

മേൽ പ്രകാരം യാതൊരു മാനദണ്ഡവും പാലിക്കാതെ അവാർഡ് തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതും വളം സപ്ലൈ ചെയ്തതിന്റെ ഇൻവോയ്സും, വിതരണ രേഖകളും ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-26/02.08.22 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ 3,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 കുടിവെള്ള പദ്ധതി അപാകതകൾ

ഓരോ വർഷവും ലക്ഷക്കണക്കിന് രൂപയാണ് കുടിവെള്ള പദ്ധതിക്ക് വേണ്ടി പൈപ്പ് നീട്ടി ഇടുന്നതിനായി നഗരസഭ ചെലവഴിക്കുന്നത്. ചിലപ്പോൾ ഒരു കുടിവെള്ള പദ്ധതി തന്നെ ഒരു വർഷം ഒന്നിൽ കൂടുതൽ പ്രൊജക്ട് പ്രകാരം പൈപ്പ് നീട്ടി ഇടുന്നുണ്ട്. എന്നാൽ ഈ പൈപ്പ് ഇടുന്ന സ്ഥലം ഏതാണെന്നോ അതായത് ഏത് റോഡിൽ അഥവാ ആരുടെ സ്ഥലത്താണെന്നോ ഇതിന്റെ ഗുണഭോക്താക്കളുടെ വിവരങ്ങളോ ലഭ്യമല്ലാത്തതിനാൽ പ്രവൃത്തികൾ നേരിട്ട് പരിശോധിക്കാനും സാധ്യമല്ല.

ആയതിനാൽ ഒരോ കുടിവെള്ള പദ്ധതിയിലും ഇതുവരെ എവിടെയെല്ലാം പൈപ്പ് ഇട്ടിട്ടുണ്ട് എന്നും ഇതിന്റെ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉൾപ്പെടെ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഓഡറ്റ് വർഷം ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രൊജക്ട് നം | 223/21 |
| പ്രവൃത്തി | പുതുപ്പാടി കുടിവെള്ള പദ്ധതി അറ്റകുറ്റ പണി |
| കരാറുകാരൻ | കെ കോയ |
| DSR | 2016 ( Cost Index 39.89%) |
| എം ബുക്ക് | 78/20-21 |
| എസ്റ്റിമേറ്റ് | 3,00,000/- (CFC Fund) |
| ആകെ പ്രവൃത്തി | 2,90,354/-(bill No.552/17-3-21) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 50 Mm PVC പൈപ്പ് 50 മീറ്ററും 40 Mm PVC പൈപ്പ് 300 മീറ്ററും

25 Mm PVC പൈപ്പ് 25മീറ്ററും കൂടാതെ 75 ലൈൻ ട്രെഞ്ച് (Irish Drain) കോൺക്രീറ്റിംഗ് ചെയ്യുക എന്നതാണ്.

ഈ പ്രവൃത്തിക്ക് എം ബുക്ക് പ്രകാരം

40 Mm 10kgf/cm$^2$ Pvc പൈപ്പ് - 162.50 മീറ്റർ X 223.55/m = 36326

25 Mm 10kgf/cm$^2$ Pvc പൈപ്പ് - 307m X 167/m = 51413

75 ലൈൻ ട്രെഞ്ച് (Irish Drain) കോൺക്രീറ്റിംഗ് ചെയ്തതിന് (15 Cm കനം) = 1,28,494/-

എക്സ്ട്രാ പ്രവൃത്തിയായി 12 എണ്ണം വാട്ടർ മീറ്റർ സ്ഥാപിച്ചതിന് - 12 X 3503.67/e = 42,044/-രൂപയും നൽകിയിട്ടുണ്ട്. വാട്ടർ മീറ്റർ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല. ഗുണഭോക്താക്കളുടെ വിവരങ്ങളും ലഭ്യമല്ല.

2.

| | |
|---|---|
| പ്രൊജക്റ്റ് നം | 319/21 |
| പ്രവൃത്തി | മണ്ണാത്തിമല കുടിവെള്ള പദ്ധതി അറ്റകുറ്റ പണി |
| കരാറുകാരൻ | കെ കോയ |
| DSR | 2016 ( Cost Index 39.89%) |
| എം ബുക്ക് | 108/19-20 |
| എസ്റ്റിമേറ്റ് | 5,00,000/- (CFC Fund) |
| ആകെ പ്രവൃത്തി | 2,90,354/-(bill No.552/17-3-21) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം

50 Mm PVC പൈപ്പ് - 550 മീറ്റർ

20 Mm PVC പൈപ്പ് - 80 മീറ്റർ

110 Mm PVC പൈപ്പ് - 80 മീറ്റർ

25 Mm PVC പൈപ്പ് - 80 മീറ്റർ

കൂടാതെ 150 ലൈൻ ട്രെഞ്ച് (Irish Drain) കോൺക്രീറ്റിംഗ് ചെയ്യുക, 19 എണ്ണം വാട്ടർ മീറ്റർ (Rs. 3504/E) എന്നതാണ്.

ഈ പ്രവൃത്തിക്ക് എം ബുക്ക് പ്രകാരം

50 Mm PVC പൈപ്പ് - 108.5 M X 231.55 /M = 25,123

20 Mm PVC പൈപ്പ് - 73മീറ്റർ X 134.89/m = 9847

25 Mm PVC പൈപ്പ് - 116.25 M X 167.47/m 19,468

എക്സ്ട്രാ പ്രവൃത്തിയായി

40 Mm 10kgf/cm$^2$ Pvc പൈപ്പ് - 570മീറ്റർ X 223.55/m =1,27,424

ട്രസ്സ് വർക്ക് ചെയ്തതിന് - 779.64 Kg X 140/kg = 1,09,227

വാട്ടർ സ്റ്റോറേജ് ടാങ്ക് - 10000 Lr X 10.14/lr = 1,01,400/- ചെയ്തിട്ടുണ്ട്.

ഇതിൽ ട്രസ്സ് വർക്ക് ചെയ്തത് എവിടെയാണ് എന്ന് വ്യക്തമല്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതിന്റെ ആവശ്യകതയും ഫയലിൽ ചേർത്തിട്ടില്ല. ആവശ്യകത നിർണയിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ചെയ്ത പ്രവൃത്തി സംബന്ധിച്ച് അന്വേഷിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ പ്രവൃത്തിയുടെ ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ ഓഫർ പ്രകാരം എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി നൽകുകയായിരുന്നു.

3.

| | |
|---|---|
| പ്രൊജക്റ്റ് നം | 418/21 |
| പ്രവൃത്തി | കള്ളാട് കുടിവെള്ള പദ്ധതി |
| കരാറുകാരൻ | പോൾ ആന്റണി |
| DSR | 2016 ( Cost Index 39.89%) |
| എം ബുക്ക് | 146/19-20 |
| എസ്റ്റിമേറ്റ് | 3,50,000/- (CFC Fund) |
| ആകെ പ്രവൃത്തി | 3,10,122/-(bill No. 545/17-3-21) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം

Replacing Damaged 65 Mm GI പൈപ്പ് - 162 മീറ്റർ (631/m)

40mm GI പൈപ്പ് - 138 മീറ്റർ(421.14/m)

Removing Existing Filter Media – 1 X 152,000 Each

ഈ പ്രവൃത്തിക്ക് എം ബുക്ക് പ്രകാരം

65 Mm GI പൈപ്പ് - 141.70m X 631 /M = 89,537

40 Mm GI പൈപ്പ് - 139മീറ്റർ X 421.14/m = 58727/-

Removing Existing Filter Media – 1 X 1,20,150 Each

Extra Work-

50 Mm GI പൈപ്പ് - 18 M X 479.40 = 8,629.20

ഈ പ്രവൃത്തിക്ക് PVC പൈപ്പ് ഉപയോഗിക്കാതെ GI പൈപ്പ് ഉപയോഗിച്ചതിന്റെ കാരണം വ്യക്തമല്ല. PVC പൈപ്പിന്റെ ഇരട്ടിയിലധികം വിലയാണ് GI പൈപ്പിന് നൽകിയിട്ടുള്ളത്. മാത്രമല്ല ഡാറ്റ പ്രകാരം ട്രഞ്ചിംഗ് & റിഫില്ലിംഗ് എന്ന ഇനത്തിന് തുക നൽകിയിട്ടുണ്ട്.

4.

| | |
|---|---|
| പ്രൊജക്റ്റ് നം | 383/21 |
| പ്രവൃത്തി | തങ്കളം കുടിവെള്ള പദ്ധതി |
| കരാറുകാരൻ | സജി കെ കോയ |
| DSR | 2016 ( Cost Index 46.08%) |
| എം ബുക്ക് | 148/19-20 |
| TS | 47/4-7-18 |
| എസ്റ്റിമേറ്റ് | 3,00,000/- (CFC Fund) |
| ആകെ പ്രവൃത്തി | 2,99,046/-(bill No. 2,99,046/-) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം

40mm GI പൈപ്പ് - 460മീറ്റർ(439.77/m)

20mm PVC പൈപ്പ് - 300 മീറ്റർ(138.08/m)

25 Mm PVC പൈപ്പ് - 200 മീറ്റർ(172.05/m)

ഈ പ്രവൃത്തിക്ക് എം ബുക്ക് പ്രകാരം

20mm PVC പൈപ്പ് - 66 M X 139.08/m = 9179

25 Mm PVC പൈപ്പ് - 16 M X 172.05/m = 2753

Extra Work-

40 Mm (10kgf/cm2)PVC പൈപ്പ് - 300.08 M X 223.55/m = 67,243/-

40 Mm (10kgf/cm2)PVC പൈപ്പ് - 276 M X 313.5/m = 86,526/-

വാട്ടർ മീറ്റർ സ്ഥാപിച്ചതിന് - 35 Nos X 3503.67/e = 1,22,628

എം ബുക്ക് പ്രകാരം 40 Mm (10kgf/$cm^2$)PVC പൈപ്പ് ഇട്ടതിന് 300.08 മീറ്ററിന് 223.55/m രൂപയും 276 മീറ്ററിന് 313.5/m രൂപയും നൽകിയിരിക്കുന്നു. വാട്ടർ മീറ്റർ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല. ഗുണഭോക്താക്കളുടെ വിവരങ്ങളും ലഭ്യമല്ല.

5.

| | |
|---|---|
| പ്രൊജക്റ്റ് നം | 225/21 |
| പ്രവൃത്തി | തങ്കളം കുടിവെള്ള പദ്ധതി |
| കരാറുകാരൻ | സജി കെ കോയ |
| DSR | 2016 ( Cost Index 46.08%) |
| എം ബുക്ക് | 73/21 |
| TS | 225/20-21 Dated 1/11/2020 |
| എസ്റ്റിമേറ്റ് | 3,00,000/- (CFC Fund) |
| ആകെ പ്രവൃത്തി | 2,80,124/-(bill No. 543, 17-3-21) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം

Item No. 18.48 പ്രകാരം വാട്ടർ ടാങ്ക് - 10,000 Ltr X 10.14/ltr = 1,04,400

Irish Drain Concreting – 154 Metre = 1,22,598/-

ഈ പ്രവൃത്തിക്ക് എം ബുക്ക് പ്രകാരം

വാട്ടർ ടാങ്ക് - 5,000 Ltr X 10.14/ltr = 50,700/-

Extra Work-
Steel Work = 2,01,030/-

എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള കാരണം വ്യക്തമല്ല. ആവശ്യകത മനസ്സിലാക്കി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്.

6.

| | |
|---|---|
| പ്രൊജക്റ്റ് നം | 51/21 |
| പ്രവൃത്തി | പത്തു വീട് കുടിവെള്ള പദ്ധതി അറ്റകുറ്റ പണി |
| കരാറുകാരൻ | കെ കോയ |
| DSR | 2016 ( Cost Index 39.89%) |
| എം ബുക്ക് | 71/20-21 |
| എസ്റ്റിമേറ്റ് | 3,00,000/- (CFC Fund) |
| ആകെ പ്രവൃത്തി | 2,99,990/-(bill No.521/12-3-21) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം

23.815$m^2$ – റൂഫിംഗ് ചെയ്യുന്നത്- 50,069/-

40 Mm 10kgf/$cm^2$ Pvc പൈപ്പ് - 870.60 മീറ്റർ X 223.55/m =1,94,623/-

എം ബുക്ക് പ്രകാരം

23.81m2 – റൂഫിംഗ് ചെയ്യുന്നത്- 50,809/-

25 Mm 10kgf/$cm^2$ Pvc പൈപ്പ് - 293m X 167.47/m = 49,068

40 Mm 10kgf/$cm^2$ Pvc പൈപ്പ് - 673 മീറ്റർ X 223.55/m =1,50,449/-

എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള കാരണം വ്യക്തമല്ല. ആവശ്യകത മനസ്സിലാക്കി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്.

7.

| | |
|---|---|
| പ്രൊജക്റ്റ് നം | 104/21 |
| പ്രവൃത്തി | കാരക്കുന്നം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടുന്നത് |
| കരാറുകാരൻ | കെ കോയ |
| DSR | 2016 ( Cost Index 39.89%) |
| എം ബുക്ക് | 49/20-21 |
| എസ്റ്റിമേറ്റ് | 4,98,000/- (CFC Fund) |
| ആകെ പ്രവൃത്തി | 4,97,675/-(bill No. 485, 4-3-21) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം

20mm PVC പൈപ്പ് - 30 മീറ്റർ(134.89/m)

25 Mm PVC പൈപ്പ് - 20മീറ്റർ(172.05/m)

40mm PVC പൈപ്പ് - 40 മീറ്റർ(223.55/m)

90 Mm PVC പൈപ്പ് - 500മീറ്റർ( 504.05/m)

Irish Drain Concreting – 288 Metre = 1,74,507

ഈ പ്രവൃത്തിക്ക് എം ബുക്ക് പ്രകാരം

25 Mm PVC പൈപ്പ് - 455 M X 167.47/m = 76,198

40 Mm (10kgf/$cm^2$)PVC പൈപ്പ് - 470 M X 223.55/m = 1,05068

90 Mm PVC പൈപ്പ് - 455മീറ്റർ X 504.05/m = 2,29,343

Extra

50 Mm PVC Pipe - 125m X 231.55/m = 28,944/-

എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള ഒരു കാരണവും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

8.

| | |
|---|---|
| പ്രൊജക്ട് നം | 327/21 |
| പ്രവൃത്തി | കാരക്കുന്നം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടുന്നത് |
| കരാറുകാരൻ | സജി. കെ കോയ |
| DSR | 2016 ( Cost Index 39.89%) |
| എം ബുക്ക് | 96/19-20 |
| എസ്റ്റിമേറ്റ് | 10,00,000/- (CFC Fund) |
| ആകെ പ്രവൃത്തി | 8,48,760/-(bill No. 459, 26-2-21) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം

75mm(6kgf/cm$^2$) PVC പൈപ്പ് - Item – 50.18.9.8.1 - 158 മീറ്റർ(295.5/m/m)

75mm(10 Kgf/cm$^2$) PVC പൈപ്പ് Item – Od360856/19-20 - 100 മീറ്റർ(425.99/m)

65 Mm GIപൈപ്പ് Item – 18.12.7 - 25മീറ്റർ(631.88/m)

40mm PVC പൈപ്പ് - Item – 50.18.9.5.1 - 100 മീറ്റർ(223.55/m)

25 Mm(10 Kgf/cm$^2$) PVC പൈപ്പ് Item – 50.18.7.3.2 - 100മീറ്റർ( 201.82/m)

25 Mm(12 Kgf/cm$^2$) PVC പൈപ്പ് Item – 50.18.9.3.1 - 100മീറ്റർ( 184.82/m)

20 (12kgf/cm$^2$) Mm PVC പൈപ്പ് Item – 50.18.9.2.1 - 225മീറ്റർ( 148.95m)

ഇത് കൂടാതെ Motor Pump Set- 1,20,000/-

സംരക്ഷണ ഭിത്തി - 2,20,349/-

Truss Work (Grill Work)– Item No. 10.16.1- 586 Kg X 126.25/kg = 74,049

(428m$^2$ X 1.37kg/m$^2$ = 586kg)

ഈ പ്രവൃത്തിക്ക് എം ബുക്ക് പ്രകാരം

Truss Work – Over Head Of Water Tank 1697 Kg X 126.25/kg =2,14,246

40mm PVC പൈപ്പ് - Item – 50.18.9.5.1 - 114 മീറ്റർ(223.55/m)= 25484

ഇത് കൂടാതെ Motor Pump Set- 1,18,000/-

Extra Item

90mm(10 Kgf/cm$^2$) PVC പൈപ്പ് - 592.5m X 504/m = 2,98,620

25 Mm(10 Kgf/cm$^2$) PVC പൈപ്പ് - 90മീറ്റർ( 167.47/m) = 15,072

എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള ഒരു കാരണവും ഫയലിൽ ചേർത്തിട്ടില്ല.

9.

| | |
|---|---|
| പ്രൊജക്ട് നം | 269/21 |
| പ്രവൃത്തി | പുതുപ്പാടി കുടിവെള്ള പദ്ധതി അറ്റകുറ്റ പണി |
| കരാറുകാരൻ | സജി. കെ കോയ |
| DSR | 2016 ( Cost Index 39.89%) |
| എം ബുക്ക് | 93/19-20 |
| എസ്റ്റിമേറ്റ് | 5,00,000/- (CFC Fund) |
| ആകെ പ്രവൃത്തി | 4,99,233/-(bill No.473, 30-3020,<br>Bill No.449, 26-2-21) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം

15mm PVC പൈപ്പ് ( - 150 M (130.89/m)

20mm PVC പൈപ്പ് - 150 M (134.89/m)

40 Mm PVC പൈപ്പ് - 320 M (223.55/m)

50 Mm PVC പൈപ്പ് - 200 M (231.55/m)

ലൈൻ ട്രെഞ്ച് (Irish Drain) കോൺക്രീറ്റിംഗ് - 50 M X 1 X .15m = 50493/-

ഈ പ്രവൃത്തിക്ക് എം ബുക്ക് പ്രകാരം

20mm PVC പൈപ്പ് - 165m (134.89/m) = 22,256

50 Mm PVC പൈപ്പ് - 555 M (231.55/m) = 1,28,510/-

ലൈൻ ട്രെഞ്ച് (Irish Drain) കോൺക്രീറ്റിംഗ് - 67.5 M X 2.6m(average)x .15m = 1,77,539

(8.791m$^3$ X 7668.7/m$^3$= 67416, 17.579m$^3$ X 6264.48/m$^3$ = 110123)

Extra Work

25 Mm 10kgf/cm$^2$ Pvc പൈപ്പ് - 94.5 M X 167/m = 15,825

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെയാണ് പ്രവൃത്തിയിൽ മാറ്റം വരുത്തിയത്.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പൈപ്പ് ഇടുന്ന സ്ഥലം സംബന്ധിച്ചോ ഇതിന്റെ ഗുണഭോക്താക്കളുടെ വിവരങ്ങൾ സംബന്ധിച്ചോ വ്യക്തമായ മറുപടി നൽകിയില്ല. മീറ്റർ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട പരാമർശത്തിനുള്ള മറുപടിയായി ഗുണഭോക്താക്കൾ ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് കണക്കാക്കിയാണ് വെള്ളം അടിക്കുന്നതിന് ആവശ്യമായ മോട്ടോർ കറണ്ട് ചാർജ് ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നത് എന്നാണ് അറിയിച്ചിരിക്കുന്നത്. മേൽ പ്രവൃത്തികളിലെ അപാകതകൾക്കുള്ള വിശദീകരണം ലഭ്യമാക്കേണ്ടതും ആവശ്യകതക്കനുസരിച്ച് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ്.34/20-21,<br>പ്രത്യേക കന്നുകുട്ടി പരിപാലനം |
| നിർവ്വഹണം | വെറ്റിനറി സർജൻ |
| അടങ്കൽ | 12,50,000/-<br>(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 12,50,000/-<br>(ബിൽ നം 363/20.01.2021) |

4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ, മരുന്ന്, വാക്സിനേഷൻ, ഇൻഷുറൻസ് എന്നിവ ലഭ്യമാക്കുന്നതിനായുള്ള മേൽ പദ്ധതിയിൽ 100 കന്നുകുട്ടികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനവിഹിതം ലഭ്യമല്ലാത്തതിനാൽ കന്നുകുട്ടി ഒന്നിന് സബ്സിഡി തുകയായ 12500/- രൂപയും നഗരസഭഫണ്ട് വകയിരുത്തിയാണ് പ്രോജക്ട് ഓഫീസർ, ആലുവ-യ്ക്ക് കൈമാറിയിട്ടുള്ളത്. കന്നുകുട്ടികൾക്ക് 32 മാസം പ്രായം തികയുകയോ ഗർഭം ധരിക്കുകയോ, ഇതിലേതാണോ ആദ്യം വരുന്നത് അതുവരെയാണ് പദ്ധതിയിൽ ആനുകൂല്യം നൽകുന്നത്. വിവിധ കാരണങ്ങളാൽ പ്രോജക്ട് ഓഫീസർക്ക് കൈമാറുന്ന തുകയിൽ മുഴുവൻ തുകയും ചെലവാകാതെ അവശേഷിക്കുന്നതായി കാണാറുണ്ട്. ആയതിനാൽ പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാനും, ചെലവുതുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്നുമാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം-28/02.08.22) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 12,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ക്യാൻസർ ക്യാമ്പ് നടത്തൽ- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 307/20-21,<br>ക്യാൻസർ വിമുക്ത എറണാകുളം |
| അടങ്കൽ | 2,11,297/-<br>(വികസനഫണ്ട്-ജനറൽ) |
| ചെലവ് | 1,54,492/-<br>1)ബിൽ.നം19/20-21,22.04.2020-1,44,580/-രൂ<br>2)ബിൽ.നം-31/20-21,25.03.21- 9,912/-രൂ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്,<br>താലൂക്ക്ഹോസ്പിറ്റൽ,കോതമംഗലം. |

സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ കോതമംഗലം നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ക്യാൻസർ വിമുക്ത എറണാകുളം എന്ന പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ജില്ലാ ആസൂത്രണ സമിതിയുടെ 08.07.2019 ലെ 36-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം ലഭിച്ച പദ്ധതിയിൽ ക്യാൻസർ ക്യാമ്പ് നടത്തൽ, രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കൽ എന്നീ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി നഗരസഭയിലെ 31 വാർഡുകളിൽ 27.12.2019 മുതൽ 16.01.2020 വരെയുള്ള വിവിധ തീയതികളിൽ ക്യാൻസർ ബോധവൽക്കരണ ക്ലാസ് നടത്തിയിട്ടുണ്ട്. ബോധവൽക്കരണ ക്ലാസ് നടത്തുന്നതിനുള്ള സംവിധാനമൊരുക്കിയത് ക്വട്ടേഷൻ വഴി തെരഞ്ഞെടുത്ത ലക്ഷ്മി ഇവന്റ് മാനേജ്മെന്റ്, മുടവൂർ എന്ന സ്ഥാപനമാണ്. ഓരോ വാർഡിലും ക്ലാസ് നടത്തുന്നതിനുള്ള ഹാൾ സജ്ജീകരിക്കുന്നതിന് 3000/- രൂപ വിതവും, പങ്കെടുക്കുന്നവർക്ക് ചായയും ലഘുഭക്ഷണവും നൽകുന്നതിന് ഒരാൾക്ക് 20/- രൂപ എന്ന നിരക്കും അംഗീകരിച്ചാണ് മേൽ സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയത്. ഇതനുസരിച്ച് 31 വാർഡുകളിലെ ക്ലാസ് നടത്തിപ്പിന് ഹാൾ സജ്ജീകരിച്ചതിന് 93,000/-രൂപയും, 31 വാർഡുകളിലായി ആകെ പങ്കെടുത്ത 2579 പേർക്ക് ചായയും ലഘുഭക്ഷണവും നൽകിയതിന് 51,580/- രൂപയുമടക്കം 1,44,580/-രൂപ മേൽ സ്ഥാപനത്തിന് ആകെ നൽകിയിട്ടുണ്ട്. ലാബ് റീഏജന്റ്സ് വാങ്ങുന്നതിന് M/s Elite Health Care, Kottayam എന്ന സ്ഥാപനത്തിന് 9912/-രൂപ നൽകിയതാണ് മറ്റൊരു ചെലവിനം. മെച്ചപ്പെട്ട ചികിത്സ ലഭ്യമാകും വിധമുള്ള പ്രവർത്തനങ്ങളൊന്നും ഈ പദ്ധതിയിൽ നടപ്പാക്കിയിട്ടില്ല.

ക്ലാസിൽ പങ്കെടുത്തവരുടെ ഹാജർ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഓരോ വാർഡിലും ശരാശരി 80 ലധികം ആളുകൾ പങ്കെടുത്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മിക്കവാറും ഒരേ കൈപ്പടയിലെഴുതിയുണ്ടാക്കിയ സ്റ്റേറ്റ്മെന്റാണിതെന്ന് വ്യക്തമാണ്. പങ്കെടുത്തവരുടെ എണ്ണത്തിനനുസരിച്ചാണ് നൽകേണ്ട തുക എന്നതിനാൽ, ആളുകളുടെ എണ്ണം കൂട്ടിക്കാണിച്ചതായി കാണാവുന്നതാണ്. എല്ലാ വാർഡുകളിലും പ്രത്യേകം ക്ലാസ്സ് സംഘടിപ്പിക്കാതെ രണ്ടോ മൂന്നോ വാർഡുകൾക്ക് ഒരു ക്ലാസ് സംഘടിപ്പിക്കുന്നതും പരിഗണിക്കാമായിരുന്നു.

പതിമൂന്നാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ തീയതി 14.02.2018, ഖണ്ഡിക നമ്പർ 8.4 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, സെമിനാറുകൾ എന്നിവ തദ്ദേശ സ്ഥാപനങ്ങൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടില്ല. ഇത്തരത്തിൽ ബോധവൽക്കരണ ക്ലാസ് നടത്തുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതും, മേൽ അപാകതകൾക്ക് വിശദീകരണവുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-06/27.07.22) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കുവാൻ പാടുള്ളതല്ല. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതും പൊതുപ്പണം ചെലവഴിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്.

1-23 4-ാം വാർഡ് വിവിധ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി-അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | SO423/21, 4ാം വാർഡ് വിവിധ റോഡുകളുടെ പുനരുദ്ധാരണം |
| അടങ്കൽ | 14,00,000/-(മെയിന്റനൻസ് ഫണ്ട്-റോഡ്) |
| ചെലവ് | 8,28,407/- |
| ബിൽ നമ്പർ/തീയതി | 14/20-21 തീയതി 20.08.2020 |
| എം ബുക്ക് നമ്പർ | 113/19-20 |
| കരാറുകാരന്റെ പേര് | ശ്രീ.ബിനു കെ വർഗ്ഗീസ് |

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ ഈ സ്പിൽ ഓവർ പദ്ധതിയിൽ തൻവർഷം 8,28,407/- രൂപയാണ് പാർട്ട് ബില്ലായി ചെലവ് വന്നിട്ടുള്ളത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

യഥാസമയം പ്രവൃത്തി പൂർത്തീകരിച്ചില്ല. കാലാവധി ദീർഘിപ്പിച്ച് നൽകുവാനുള്ള അപേക്ഷയിൽ തീരുമാനമെടുത്തോയെന്ന് വ്യക്തമല്ല.

എഗ്രിമെന്റ് നമ്പർ 72/19-20 തീയതി 23.01.2020 പ്രകാരം ഇതേ തീയതിയിൽ പ്രവൃത്തിക്കായി സൈറ്റ് കൈമാറിയതായി അസിസ്റ്റന്റ് എഞ്ചിനിയർ ഒപ്പ് വച്ച വർക്ക് ഓർഡറിൽ ചേർത്തിട്ടുണ്ട്. 6 മാസമാണ് പൂർത്തീകരണ കാലാവധി. അതായത് കരാറുകാരൻ 22.07.2020-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ചെക്ക് മെഷർ ചെയ്തിട്ടുള്ളത് 27.02.2021-ാം തീയതിയാണ്. കൊവിഡ് ബാധിച്ചതിനാൽ യഥാസമയം പ്രവൃത്തി നടപ്പാക്കാൻ സാധിച്ചില്ലെന്നും സമയം ദീർഘിപ്പിച്ച് നൽകണമെന്നുമുള്ള കരാറുകാരന്റെ തീയതി ചേർത്തിട്ടില്ലാത്ത അപേക്ഷ ഫയലിലുണ്ടെങ്കിലും അപേക്ഷയിന്മേൽ തീരുമാനം എടുത്തതായോ സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചതായോ കാണുന്നില്ല.

2012 ലെ പി.ഡബ്ല്യൂ.ഡി. മാനവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും

രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതാണ്. എന്നാൽ ഇവിടെ മേൽ ചട്ടപ്രകാരം കരാറുകാരൻ സമർപ്പിച്ച അപേക്ഷയിൽ തീരുമാനം എടുക്കുകയോ, പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തില്ല. സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ ഈ നടപടികളൊന്നും സ്വീകരിച്ചതായി ഫയലിൽ ഇല്ല.

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് 29.07.2022 ൽ 14ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. കോവിഡ് 19 മൂലമുള്ള ലോക്ക്ഡൗൺ വന്നതിനാൽ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ലെന്നും സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുന്നതിൽ വീഴ്ച സംഭവിച്ചെന്നും മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. കരാറുകാരൻ സമർപ്പിച്ച അപേക്ഷയും മുദ്രപത്രവും ഫയലിൽ ഉള്ളതിനാൽ തുടർനടപടി സ്വീകരിക്കാത്തത് ഓഫീസിന്റെ വീഴ്ചയാണെന്ന് വ്യക്തമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

1-24 ചെലവ് രേഖകളുടെ ആധികാരികത ഉറപ്പാക്കാനാകുന്നില്ല.

2018 ലെ പ്രളയത്തോടനുബന്ധിച്ച് വിവിധ വാർഡുകളിലെ പ്രവർത്തനങ്ങൾക്കായി ഫയൽ നം H1-19756/16 പ്രകാരം താഴെ ചേർത്ത പ്രകാരം തുക അനുവദിക്കുകയും 2020-21 ൽ ചെലവ് തുക ക്രമപ്പെടുത്തുകയും ചെയ്തു.

| ക്രമ നം | മുൻകൂർ അനുവദിച്ച വൌച്ചർ | ക്രമപ്പെടുത്തിയ വൌച്ചർ | തുക കൈപ്പറ്റിയ വ്യക്തി |
|---|---|---|---|
| 1 | വൌച്ചർ.നം 55/9-18,125000/- | വൌച്ചർ.നം 30/7-20,125000/- | പ്രദീപ് മരുതേരി, ഹെൽത്ത് ഇൻസ്പെക്ടർ |
| 2 | വൌച്ചർ.നം 57/9-18,125000/- | വൌച്ചർ.നം 32/7-20,125000/- | സജികുമാർ എ എം, ഹെൽത്ത് ഇൻസ്പെക്ടർ |
| 3 | വൌച്ചർ.നം 69/9-18,125000/- | വൌച്ചർ.നം, 31/7-20,125000/- | പ്രദീപ് മരുതേരി, ഹെൽത്ത് ഇൻസ്പെക്ടർ |
| 4 | വൌച്ചർ.നം 70/9-18, 125000/- | വൌച്ചർ.നം 33/7-20,125000/- | സജികുമാർ എ എം, ഹെൽത്ത് ഇൻസ്പെക്ടർ |

ചെയർമാന്റെ മുൻകൂർ അനുമതി പ്രകാരം ഒരാഴ്ചയ്ക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതാണ് എന്ന നിർദേശത്തോട് കൂടി 14-9-18 ന് മുൻകൂർ അനുവദിക്കുകയും വൌച്ചർ നം 30 (വാർഡ് 18,19,20,21,22), വൌച്ചർ നം 31(വാർഡ് 1,2,14,16,17) പ്രകാരം 24-9-18 ന് 125000/- രൂപ വീതം നൽകുകയും ചെയ്തു . പിന്നീട് വൌച്ചർ നം 69(വാർഡ് 18,19,20,21,22), വൌച്ചർ നം 70(വാർഡ് 1,2,14,16,17) പ്രകാരം 289-11-18 ന് വീണ്ടും 125000/- രൂപ വീതം നൽകുകയുണ്ടായി. വിവിധ വാർഡുകളിൽ ജെ സി ബി വാടക. വാട്ടർ പമ്പ്, ജനറേറ്റർ വാടക, ഭക്ഷണം എന്നിവയ്ക്കായി ഓരോ വാർഡിലും രണ്ടു വൌച്ചറുകളിലായി ആകെ 50000/- രൂപ ചെലവഴിച്ചതായി കാണുന്നു. ചെലവ് തുക ക്രമീകരിച്ചതിൽ താഴെ ചേർത്ത അപാകതകൾ കാണുന്നു.

1.ചെലവ് തുകകൾ ക്രമീകരിച്ച വൌച്ചറിനോടൊപ്പം ചെലവ് രേഖകളായി മുൻകൂർ അനുവദിച്ചതിന് മുൻപുള്ള 23-8-18, 28-8-18, 29-8-18 തുടങ്ങിയ തീയതികളിലെ ബില്ലുകളും ചില ബില്ലുകൾ വളരെ ദിവസങ്ങൾക്ക് ശേഷമുള്ള 24-8-19, 15-6-19 28-9-19, 30-9-19 തുടങ്ങിയ തീയതികളിലേതുമാണ് സമർപ്പിച്ചിട്ടുള്ളത്. ചില ബില്ലുകളിൽ തീയതി രേഖപ്പെടുത്തിയതായി കാണുന്നില്ല.

2.മുൻകൂർ തുക നൽകിയത് ഹെൽത്ത് ഇൻസ്പെക്ടർമാർക്കാണ് എന്നാൽ വാർഡ് കൌൺസിലറുടെ പേരിലുള്ള ബില്ലുകളാണ് ഹാജരാക്കിയത്.

3.ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമല്ല. ചില വാർഡുകളിലെ പ്രവർത്തനങ്ങൾക്ക് ജെ സി ബി വാടക., ഭക്ഷണം എന്നിവയോടൊപ്പം ജനറേറ്റർ വാടക ബില്ലുകളും കാണുന്നു. വാർഡുകളിൽ മോട്ടോർ പമ്പ് ഉപയോഗിച്ചതായി കാണുന്നില്ലായെന്നതിനാൽ ജനറേറ്റർ എന്തിന് വേണ്ടി ഉപയോഗിച്ചു എന്ന് വ്യക്തമല്ല.

4.വലിയ തുകകളാണ് ജനറേറ്റർ വാടകയ്ക്കായി ശിവാനി ടൂൾസിനും ജെ സി ബി വാടകയിനത്തിൽ പ്രിൻസ് അസോസിയേറ്റ്സിനും ഭക്ഷണത്തിനായി ഔട്ട്ഡോർ കാറ്ററിങ്ങ് സർവീസ് എന്ന സ്ഥാപനത്തിനും നൽകിയിരിക്കുന്നത് എങ്കിലും തുക അക്കൌണ്ട് വഴി നൽകിയതായി കാണുന്നില്ല. ബില്ലുകളോടൊപ്പം കൈപ്പറ്റ് രസീതും ഹാജരാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 2-8-22 ലെ ഓഡിറ്റ് എൻക്വയറി നം 30 ന് മറുപടി നൽകിയില്ല. അപാകതകൾക്ക് കൃത്യമായ വിശദീകരണം നൽകേണ്ടതാണ്.

1-25 ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്ന് തികച്ചും വ്യത്യസ്തമായി പ്രവൃത്തി നടപ്പാക്കി

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | SO 356/21, 24ാം വാർഡിലെ 76ാം നമ്പർ അങ്കണവാടിയുടെ അറ്റകുറ്റപ്പണികൾ |
| അടങ്കൽ | 50,000/- |
| ചെലവ് | 48389/- |
| ബിൽ നമ്പർ/തീയതി | 13/20-21തീയതി 20.08.2020 |
| എം ബുക്ക് നമ്പർ | 15/19-20 |
| കരാറുകാരന്റെ പേര് | ശ്രീ.സജി കെ കോയ |

അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ ഈ പദ്ധതി 2017-18 ൽ അംഗീകാരം ലഭിച്ച് സ്പിൽ ഓവറായി 2020-21ൽ ആണ് പൂർത്തിയായിട്ടുള്ളത്. റീടെൻഡർ ചെയ്തിട്ടും ടെൻഡർ ഒന്നും ലഭിക്കാത്തതിനാൽ എസ്റ്റിമേറ്റ് നിരക്കിൽ ലഭിച്ച ഓഫറിന് കരാർ നൽകുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച ഒറിജിനൽ എസ്റ്റിമേറ്റിൽ രണ്ടിനങ്ങളാണ് ഉൾപ്പെട്ടിരുന്നത്.

1) 50.6.1.4 Solid Block Masonry Using Precast Solid Blocks
2) 13.1.1 12mm Cement Plaster Of Mix 1:4

പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ താഴെപ്പറയുന്ന ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1) 50.6.1.4 Solid Block Masonry Using Precast Solid Blocks
2) 10.16.1 Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc) Trusses Etc........

Extra Items

11.37 Providing And Laying Ceramic Glazed Floor Tiles

11.36 Providing And Fixing 1st Quality Ceramic Glazed Wall Tiles

പ്രവൃത്തി ചെയ്തപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനങ്ങളായ ഫ്ലോർ ടൈൽ ഇടുക, Wall Tile പതിപ്പിക്കുക എന്നീ ഇനങ്ങൾ മാത്രമാണ് ചെയ്തത്. ഈ അപാകതയ്ക്ക് വിശദീകരണവും പദ്ധതി ആവിഷ്കരിച്ചപ്പോൾ അങ്കണവാടിയിൽ ചെയ്യാൻ ഉദ്ദേശിച്ചിരുന്ന അറ്റകുറ്റപ്പണികൊണ്ട് പരിഹരിക്കാൻ ഉദ്ദേശിച്ചിരുന്ന കേടുപാടുകൾ നിലവിൽ പരിഹരിച്ചോ എന്ന് വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ട് 29.07.2022 ൽ 13ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. പ്രവൃത്തി ആരംഭിച്ച വേളയിൽ വാർഡ് കൗൺസിലറുടെയും അങ്കണവാടി അദ്ധ്യാപികയുടെയും ആവശ്യപ്രകാരം തീരെ മോശം അവസ്ഥയിലുള്ള ഫ്ലോറിംഗ് ടൈൽ, വാൾ ടൈൽ എന്നിവ നന്നാക്കേണ്ടി വന്നെന്നും ഒഴിവാക്കിയ വർക്കുകൾ അടുത്ത പ്രൊജക്ടിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകി. സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തിയിലെ മുഴുവൻ ഇനങ്ങളും മാറ്റി എക്സ്ട്രാ ഇനങ്ങളായി ഉൾപ്പെടുത്തി മറ്റ് പ്രവൃത്തി നടപ്പാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതും ഇത്തരം സാഹചര്യങ്ങളിൽ പുതിയ പദ്ധതി ആവിഷ്കരിച്ച് അനുമതി ലഭ്യമാക്കി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-26 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിലും കനത്തിൽ കോൺക്രീറ്റ് ചെയ്തു -

| | |
|---|---|
| പ്രൊജക്ട് നം | 88/21 |
| പ്രവൃത്തി | കമ്മ്യൂണിറ്റിഹാൾ റോഡ് കോൺക്രീറ്റിംഗ് |
| കരാറുകാരൻ | പോൾ ആന്റണി |
| DSR | 2016 ( Cost Index 39.89%) |
| എം ബുക്ക് | 63/20-21 |
| എസ്റ്റിമേറ്റ് | 3,00,000/- (Plan Fund) |
| ആകെ പ്രവൃത്തി | Rs. 2,99,564.00/- 457, 26/2/21 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം റോഡിന്റെ കോൺക്രീറ്റിംഗ്

Item No. Od946748/20-21 പ്രകാരം

153.5m X 3m X 0.075m = 34.538$m^3$

അതായത് റോഡ് പാച്ച് വർക്കാണ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. എന്നാൽ എം ബുക്ക് പ്രകാരം ചെയ്തത്

73.2m X 3.528(average) X 0.15m = 38.74$m^3$

നൽകിയ തുക (Limited To Estimate Quantity)

34.538$m^3$ X 7744.18 $M^3$ = *2,67,468-*

എസ്റ്റിമേറ്റ് പ്രകാരം 7.5 Cm കനത്തിൽ കോൺക്രീറ്റിംഗ് ചെയ്യുകയാണ് വേണ്ടത്. എന്നാൽ എംബുക്ക് പ്രകാരം 15 Cm കനത്തിൽ കോൺക്രീറ്റിംഗ് ചെയ്തിരിക്കുന്നു. ആകെ റോഡിന്റെ പകുതി മാത്രമാണ് കോൺക്രീറ്റിംഗ് ചെയ്തത്. ഇപ്രകാരം 15cm കനത്തിൽ കോൺക്രീറ്റിംഗ് ചെയ്യേണ്ടതിന്റെ ആവശ്യകതയോ ഇപ്രകാരം ചെയ്യുന്നതിന് കരാറുകാരനോട് നിർദേശിക്കുന്നത് സംബന്ധിച്ചോ ഒരു രേഖയും ലഭ്യമാക്കിയില്ല.

ഓഡിറ്റ് എൻക്വയറി നം-20/02.08.22 ന് മറുപടിയായി "എസ്റ്റിമേറ്റ് എടുക്കുന്ന സമയത്ത് റോഡിന്റെ പ്രതലത്തിന് മാത്രമാണ് കേടുപാടുകൾ ഉണ്ടായിരുന്നതെന്നും. എന്നാൽ പ്രവൃത്തി ചെയ്യുന്ന സമയത്ത് മഴക്കെടുതി മൂലം റോഡിന്റെ കോൺക്രീറ്റിംഗ് മുഴുവൻ പൂർണ്ണമായും തകർന്നിരുന്നു" എന്നും വ്യക്തമാക്കി

ഇപ്രകാരമുള്ള വസ്തുതകൾ എല്ലാം ഫയലിൽ രേഖപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

1-27 സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് മിനി പടി കനാൽ റോഡിൽ ഹാന്റ് റെയിൽ നിർമ്മിച്ചത്- ചെയിനേജ് വ്യക്തമല്ല.

1.

| | |
|---|---|
| പ്രൊജക്റ്റ് നം | 97/21 |
| പ്രവൃത്തി | മിനി പടി കനാൽ റോഡിൽ ഹാന്റ് റെയിൽ നിർമ്മാണം |
| കരാറുകാരൻ | ജോയ് എം കെ |
| DSR | 2016 ( Cost Index 39.89%) |
| എം ബുക്ക് | 5/20-21 |
| എസ്റ്റിമേറ്റ് | 1,200,000/- |
| പ്രവൃത്തി ചെയ്തത് | 23-11-/20 |
| ആകെ പ്രവൃത്തി | 99,606 (Bill No.331/23-10-20) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം

Item No. 10.14 – Tubular Steel Railing On Medium Weight Steel Chanel 100 Mm X 50 Mm Providing , Fixing And Erecting 50 Mm Dia Steel.. 1.2 M High...

436.30m X 3m X 2,455.30/m = 10,71,247/-

എം ബുക്ക് പ്രകാരം ചെയ്തത്

Item No. 10.14 പ്രകാരം - 436.40m X 1964/m = 8,56,893/-

നൽകിയ തുക

ആകെ പ്രവൃത്തി - 8,56,893/-

Add – GST 12% - 1,02,827

Total - 9,59,720,

നികുതി കിഴിച്ച് നൽകിയ തുക - 9,25,444/-

ഈ പ്രവൃത്തി കഴിഞ്ഞ വർഷം ചെയ്തതിന്റെ ബാക്കി പണിയാണ്. പഴയ ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല. റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ വർഷം ചെയ്ത പ്രവൃത്തിയുടെ അളവിന്റെ കൃത്യത അറിയാൻ കഴിയുന്നില്ല. മുൻവർഷം എത്ര മീറ്റർ നീളത്തിൽ ഹാന്റ് റെയിൽ സ്ഥാപിച്ചു എന്നും വ്യക്തമല്ല. സ്ഥലം പരിശോധിച്ചതിൽ ആകെ ഏതാണ്ട് 600 മീറ്റർ നീളത്തിൽ ഹാന്റ് റെയിൽ സ്ഥാപിച്ചിട്ടുണ്ട്. ഓരോ പ്രവൃത്തിയുടേയും ചെയിനേജ് ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്.

2.

| | |
|---|---|
| പ്രൊജക്റ്റ് നം | 426/21 |
| പ്രവൃത്തി | മിനി പടി കനാൽ റോഡിൽ ഹാന്റ് റെയിൽ നിർമ്മാണം |
| കരാറുകാരൻ | പോൾ പി എ |
| T S | 102/ 30-1-2020 |
| DSR | 2016 ( Cost Index 39.89%) |

| | |
|---|---|
| പ്രവൃത്തി ചെയ്തത് | 7/8/20 |
| എം ബുക്ക് | 118/20-21 |
| എസ്റ്റിമേറ്റ് | 1,50,,000/- |
| ആകെ പ്രവൃത്തി | 149184 (Bill No.278,9-11-20) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം

Item No. 10.14 – Tubular Steel Railing On Medium Weight Steel Chanel 100 Mm X 50 Mm Providing , Fixing And Erecting 50 Mm Dia Steel.. 1.2 M High...

54.50m X 2,455.30/m = 1,33,813/-

എം ബുക്ക് പ്രകാരം ചെയ്തത്

Item No. 10.14 പ്രകാരം - 54.25 M X 2455.3/m = 1,33,200/-

നൽകിയ തുക

ആകെ പ്രവൃത്തി - 1,33,200/-

Add – GST 12% - 15,984

Total 1,49,184/-

നികുതി കിഴിച്ച് നൽകിയ തുക - 143856/-

ചെയ്യേജ് രേഖപ്പെടുത്താത്തതിനാൽ പ്രവൃത്തിയുടെ കൃത്യത അറിയാൻ കഴിയുന്നില്ല.

1-28 റോഡ് റീടാറിംഗ്-അപാകത പരിഹരിച്ച റിപ്പോർട്ട് ഫയലിൽ ഇല്ല

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | SO182/21,<br>വിളയാൽ വെണ്ടുവഴി റോഡ് റീടാറിംഗ്-<br>വാർഡ് 27 |
| അടങ്കൽ | 15,24000/-( മെയിന്റനൻസ് ഫണ്ട്-റോഡ് ) |
| ചെലവ് | 15,17300/- |
| ബിൽ നമ്പർ/തീയതി | 130/20-21 തീയതി 12.03.2021 |
| എം ബുക്ക് നമ്പർ | 37/21 |
| കരാറുകാരന്റെ പേര് | ശ്രീ.സജി കെ കോയ |

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ വാർഡ് 27 ലെ റീടാറിംഗ് പ്രവൃത്തിയിൽ റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ടൈൽ പേവിംഗ് പ്രവൃത്തി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നു. അത് പ്രകാരം എക്സ്ട്രാ ഇനം 3 ആയി Providing And Laying 100mm Thick Factory Made Cement Concrete Interlocking Paver Block Of M30 Grade Over 75mm Thick Bed Of 6mm B/s എന്ന പ്രവൃത്തി 594.80m$^2$ അളവിൽ ചെയ്തതിന് 624831.45/- രൂപ (എം ബുക്ക് പേജ് നമ്പർ 29) 12.03.2021 തീയതിയിൽ കരാറുകാരന് നൽകിയിട്ടുണ്ട്. വിളയാൽ ഭാഗത്ത് റോഡിൽ കട്ട വിരിച്ചത് ഇളകി പോയതായി കൗൺസിലർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ തകരാർ പരിഹരിക്കാൻ 12.10.2021 ന് അസിസ്റ്റന്റ് എഞ്ചിനിയർ കരാറുകാരന് കത്ത് നൽകി. എന്നാൽ തകരാർ പരിഹരിച്ചതിന്റെ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. തകരാർ പരിഹരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 01.08.2022 ൽ 18ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. സമീപത്തുള്ള ക്രഷർ, പാറമട എന്നിവയിലേക്ക് നിരന്തരം ടോറസ് ഉൾപ്പെടെയുള്ള വലിയ വാഹനങ്ങൾ വരുന്നത് മൂലമാണ് ഈ തകരാർ ഉണ്ടായതെന്നും 48.50 മീറ്റർ നീളത്തിൽ തകരാർ സംഭവിച്ച എല്ലാ ഇന്റർലോക്കിംഗ് ടൈൽസും മാറ്റി പുതിയവ സ്ഥാപിച്ചിട്ടുള്ളതാണെന്നും അസിസ്റ്റന്റ് എഞ്ചിനിയർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇക്കാര്യങ്ങളൊന്നും ഫയലിലോ എം-ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തകരാർ പരിഹൃതമായിട്ടുണ്ടെന്നതിന് രേഖയില്ല. പ്രവൃത്തി നടപ്പാക്കിയിട്ടുണ്ടെങ്കിൽ അളവെടുത്ത് എം-ബുക്കിൽ രേഖപ്പെടുത്തി ആധികാരികമാക്കേണ്ടതാണ്.

1-29 മരാമത്ത് പ്രവൃത്തികൾ -പൊതു അപാകതകൾ

നഗരസഭയിലെ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. വർക്ക് ഓർഡർ നൽകി സൈറ്റ് കൈമാറുമ്പോൾ സൈറ്റ് ഏറ്റെടുത്തതായി കരാറുകാരൻ ഒപ്പ് വയ്ക്കുന്നില്ല. ആയതിനാൽ പ്രവൃത്തി ആരംഭിച്ച തീയതിയുടെ അടിസ്ഥാനത്തിൽ പിഴ ഈടാക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ പിഴ കൃത്യമായി തിട്ടപ്പെടുത്താൻ സാധിക്കുന്നില്ല.

2. പല പ്രവൃത്തികളും ഓഫർ നിരക്കിലാണ് ചെയ്തിട്ടുള്ളത്. റീ ടെൻഡർ ചെയ്തിട്ടും ടെൻഡർ ലഭിക്കാത്തതിനാൽ ലഭ്യമാകുന്ന ഓഫറുകൾ പലതും എസ്റ്റിമേറ്റ് നിരക്കിലോ, എസ്റ്റിമേറ്റിലും ഉയർന്ന നിരക്കിലോ ഉള്ളവയാണ്. മതിയായ പരസ്യം നൽകാത്തതിനാലാണോ ടെൻഡറുകൾ ലഭിക്കാതെ പോകുന്നതെന്ന കാര്യം പരിശോധിക്കേണ്ടതാണ്. ടെൻഡർ ഫീ ഇനത്തിലുള്ള വരവ് നഷ്ടപ്പെടുന്നതിനും ഇത് കാരണമാകുന്നുണ്ട്.
3. അളവ് പുസ്തകത്തിൽ ചെയ്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തുന്നത് കരാറുകാരൻ അംഗീകരിച്ച് ഒപ്പ് വയ്ക്കുന്നില്ല. ഭാവിയിൽ ഇത് സംബന്ധിച്ച് തർക്കം ഉണ്ടായാൽ കരാറുകാരൻ അളവ് അംഗീകരിച്ച് ഒപ്പ് വയ്ക്കാത്ത സാഹചര്യത്തിൽ നഗരസഭയുടെ താല്പര്യം സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ സാധിക്കില്ല.
4. നടപ്പാക്കിയ പ്രവൃത്തികളിൽ ഭൂരിഭാഗത്തിന്റെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നു. ശരിയായ സൈറ്റ് സ്റ്റഡി നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാലാണ് പ്രവൃത്തിയുടെ നിർവ്വഹണഘട്ടത്തിൽ ഇപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവരുന്നത്.
5.തൻവർഷം നടപ്പിലാക്കിയിരിക്കുന്ന 251 പ്രവൃത്തികളിൽ തൻവർഷ പ്രൊജക്ടുകൾ 104 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകൾ 147 എണ്ണവും ആണ്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഭൂരിപക്ഷവും സ്പിൽ ഓവർ ആകുന്ന സാഹചര്യം പരിശോധിക്കേണ്ടതാണ്. വാർഷിക പദ്ധതികൾ അതത് വർഷം പൂർത്തിയാക്കാൻ കഴിയുന്ന തരത്തിൽ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്.

1-30 പി.എം.എ.വൈ ഭവന നിർമാണ പദ്ധതി-അപാകതകൾ

A) പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം കോതമംഗലം നഗരസഭയിൽ നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിവരുന്ന പി.എം.എ.വൈ ഭവന നിർമാണ പദ്ധതിയിൽ നാളിതുവരെ 6 ഡി.പി.ആർ കളിലായി 749 ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 666 പേർ കരാറിലേർപ്പെട്ട് ഭവനനിർമ്മാണം തുടങ്ങുകയും, 466 പേർ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡി.പി.ആർ. നമ്പർ &അംഗീകരിച്ച തീയതി. | അംഗീകാരം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഭവനനിർമ്മാണം ആരംഭിച്ച വരുടെ എണ്ണം | ഭവനനിർമ്മാണം പൂർത്തിയാക്കി യവരുടെ എണ്ണം |
|---|---|---|---|
| ഡി.പി.ആർ 1/21-3-21017 | 129 | 129 | 123 |
| ഡി.പി.ആർ 2 /30-10-2017 | 165 | 165 | 141 |
| ഡി.പി.ആർ 3/30-1-2019 | 194 | 191 | 146 |
| ഡി.പി.ആർ 4/7-8-2020 | 119 | 110 | 56 |
| ഡി.പി.ആർ 5/16-8-2021 | 94 | 58 | 0 |
| ഡി.പി.ആർ 6/23-3-22 | 48 | 13 | 0 |
| ആകെ | 749 | 666 | 466 |

ഭവനനിർമാണവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളും നഗരസഭ സെക്രട്ടറിയുമായുള്ള കരാർ പ്രകാരം കരാർ ചമച്ച് ഒരു വർഷത്തിനുള്ളിൽ വീട് പണി പൂർത്തിയാക്കേണ്ടതാണ്. 2017 ൽ അംഗീകാരം ലഭിച്ച ആദ്യ 2 ഡി.പി.ആർ പ്രകാരമുള്ള ഗുണഭോക്താക്കൾ പോലും ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ ഭവനനിർമാണം കാലവിളംബം കൂടാതെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

B)നഗരസഭയിൽ നഗരദാരിദ്ര്യനിർമ്മാർജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ നിർവഹണോദ്യോഗസ്ഥനായി 2020-21വർഷം സുലേഖ ചെലവ് പത്രിക പ്രകാരം പ്രോജക്ട് നം 38/21(അടങ്കൽ വികസന ഫണ്ട് 6535400/-; ചെലവ്, വികസന ഫണ്ട്- 6535400/-), പ്രോജക്ട് നം 39/121(അടങ്കൽ വികസന ഫണ്ട്- എസ് സി പി- 2242896/-; ചെലവ്, വികസന ഫണ്ട്-എസ് സി പി- 2242896/-) എന്നീ പി.എം.എ.വൈ ഭവന നിർമാണ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതാണ്.

ഫയലുകൾ പരിശോധിച്ചതിൽ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്താതെ കേന്ദ്രഫണ്ട്, സംസ്ഥാന ഫണ്ട്, തനത് ഫണ്ട്/ഹഡ്കോ ലോൺ എന്നിവ പദ്ധതി നടത്തിപ്പിനായി ചെലവാക്കിയിട്ടുള്ളതായി കാണുന്നു. ചെലവ് പത്രികയിൽ രേഖപ്പെടുത്താതെ ഇത്തരത്തിൽ ചെലവ് ചെയ്തതിന് വിശദീകരണം നൽകേണ്ടതും തൻവർഷം പി.എം.എ.വൈ ഭവന നിർമാണ പദ്ധതിക്കായി ചെലവായ തുകയുടെ വിശദാംശങ്ങൾ പ്രോജക്ടുനം പ്രകാരം ഫണ്ടുകളുടെ ഇനം തിരിച്ച്

ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയി നം-12/27.07.22 നള്ള മറുപടിയിൽ പി.എം.എ.വൈ ഭവന നിർമാണ പദ്ധതിക്കായി നഗരസഭാവിഹിതം ഗുണഭോക്താക്കൾക്ക് നൽകുന്നതിന് മാത്രമാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത് എന്ന വിശദീകരണം തൃപ്തികരമല്ല. പി.എം.എ.വൈ ഭവന നിർമാണ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിക്കുന്നതിനാൽ ചെലവുകളുടെ കൃത്യമായ രേഖപ്പെടുത്തലുകൾക്കായി കേന്ദ്ര സംസ്ഥാന ഫണ്ടുകൾ കൂടി ഉൾപ്പെടുത്തി പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതും തൻവർഷം മേൽ പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ഫണ്ടുകളുടെ ഇനം തിരിച്ച് ലഭ്യമാക്കേണ്ടതും പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ഓരോ ഡി.പി.ആർ- കളിലുമായി വിവിധ വർഷങ്ങളിൽ ചെലവഴിച്ച തുകകളുടെ ഫണ്ട് തിരിച്ചുള്ള വിശദാംശങ്ങൾ പരിശോധനയ്ക്കായി സൂക്ഷിക്കേണ്ടതുമാണ്.

1-31 മുൻകൂർ നൽകിയ തുകക്കുള്ള മുഴുവൻ മരുന്നും ലഭ്യമായില്ല

2020-21 സാമ്പത്തിക വർഷത്തിൽ സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ കോതമംഗലം നിർവ്വഹണം നടത്തിയ താഴെ പറയുന്ന വിവിധ പദ്ധതികളിലായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂറായി തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം മുഴുവൻ മരുന്നുകളും ലഭിച്ചതായി കാണുന്നില്ല.

| പ്രോജക്റ്റ് നം, പേര് | ചെലവഴിച്ച തുക | ബിൽ നം, തീയതി | പ്രൊഫോർമ ഇൻവോയ്സ് നം, തീയതി | ഇതുവരെ ലഭ്യമായ മരുന്നിന്റെ വില | ബാലൻസ് |
|---|---|---|---|---|---|
| 227/21, ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 1,00,000/- | 13/20-21, 05.11.2020 | PRF 2632/01.10.2020 | 20,296 | 79,704 |
| 19/21, ജീവിതശൈലി രോഗങ്ങൾക്ക് മരുന്ന് വാങ്ങൽ | 2,00,000/- | 14/20-21, 05.11.2020 | PRF 2675/05.10.2020 | 28,143 | 1,71,857 |
| ബാക്കി നിൽക്കുന്ന തുക | 2,51,561/- | | | | |

ബാലൻസ് തുകക്കുള്ള മരുന്ന് ലഭ്യമായതിന്റെ വിവരങ്ങളും, ടാക്സ് ഇൻവോയ്സും, മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം-05/27.07.22) മറുപടി ലഭ്യമാക്കിയില്ല. മുഴുവൻ മരുന്നും ലഭ്യമായതിന്റെ വിവരങ്ങൾ ഹാജരാക്കുന്നതുവരെ 2,51,561/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 സാമൂഹ്യക്ഷേമ പെൻഷൻ-അപാകതകൾ

1)നഗരസഭയിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ /നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം എസ്)നം 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിന് നഗരസഭാ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും നഗരസഭാ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, പെൻഷൻ നം. | മരണപ്പെട്ട തീയതി, പെൻഷൻ ഇനം | പെൻഷൻ തുക വിതരണം | അപാകത |
|---|---|---|---|---|
| 1 | പൌലോസ് എ എം 106840200387 | 11.08.200 വാർധക്യപെൻഷൻ | 9/2020 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. തുടർന്ന് വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. നിലവിലും ആക്ടീവ് ആയി തുടരുന്നു |
| 2 | മോഹൻ തോമസ് 106870111069 | 17.08.2020 വാർധക്യപെൻഷൻ | 6/2022 വരെ തുക ബാങ്ക് അക്കൌണ്ടിൽ | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. നിലവിലും ആക്ടീവ് ആയി |

| | | | | |
|---|---|---|---|---|
| | | | നിക്ഷേപിച്ചു. | തുടരുന്നു |
| 3 | ലക്ഷ്മി ഗോപാലൻ, 106430600048 | 21-8-20 വിധവ പെൻഷൻ | 8/2020 വരെ വിതരണം ചെയ്തു. തുടർന്ന് തുക കൈമാറാൻ സാധിച്ചില്ല. | നിലവിലും ആക്ടീവ് ആയി തുടരുന്നു |
| 4 | അന്നമ്മ മത്തായി 10687060306 | 6-8-2020 വാർധക്യപെൻഷൻ | 9/2020 വരെ വിതരണം ചെയ്തു. തുടർന്ന് ബാങ്ക് അക്കൌണ്ട് ക്ലോസ് ചെയ്തതിനാൽ തുക നിക്ഷേപിക്കാൻ സാധിച്ചില്ല. | നിലവിലും ആക്ടീവ് ആയി തുടരുന്നു |
| 5 | കെ എൻ കുഞ്ഞപ്പൻ 106810201410 | 17-8-2020. വാർധക്യപെൻഷൻ | 8/2020 വരെ വിതരണം ചെയ്തു. തുടർന്ന് ബാങ്ക് അക്കൌണ്ട് ക്ലോസ് ചെയ്തതിനാൽ തുക നിക്ഷേപിക്കാൻ സാധിച്ചില്ല. | നിലവിലും ആക്ടീവ് ആയി തുടരുന്നു |
| 6 | വക്കി ജോജ് 106910200263 | 30-7-2020 വാർധക്യപെൻഷൻ | 6/2022 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | നിലവിലും ആക്ടീവ് ആയി തുടരുന്നു. മരണ ശേഷം തുക നൽകി അക്കൌണ്ടിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. |
| 7 | അന്നമ്മവർഗ്ഗീസ് 106850200263 | 26-7-2020. വാർധക്യപെൻഷൻ | 6/2022 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | നിലവിലും ആക്ടീവ് ആയി തുടരുന്നു. മരണ ശേഷം തുക നൽകി അക്കൌണ്ടിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. |
| 8 | വിശ്വനാഥൻ കെ എൻ 106850200929 | 14-4-2021 കർഷക പെൻഷൻ | 6/2022 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | നിലവിലും ആക്ടീവ് ആയി തുടരുന്നു. മരണ ശേഷം തുക നൽകി അക്കൌണ്ടിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. |
| 9 | മണി കെ പി 101920200707 | 9-4-2021 | 6/2022 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | നിലവിലും ആക്ടീവ് ആയി തുടരുന്നു. മരണ ശേഷം തുക അക്കൌണ്ടിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. |
| 10 | കുമാരൻ പി കെ 106830200071 | 18-03-2021 | 6/2022 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | നിലവിലും ആക്ടീവ് ആയി തുടരുന്നു. മരണ ശേഷം തുക അക്കൌണ്ടിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. |
| 11 | മറിയകുട്ടി 106860100385 | 1-3-2021 | 6/2022 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | നിലവിലും ആക്ടീവ് ആയി തുടരുന്നു. മരണ ശേഷം തുക അക്കൌണ്ടിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. |

2. മരണപ്പെടുന്നവരുടെ പെൻഷൻ റദ്ദ് ചെയ്യാതിരിക്കുന്നതു മൂലം തുടർന്നും പെൻഷൻ തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കപ്പെടുന്നു. കൂടാതെ മരണപ്പെട്ടിട്ടും ആക്ടീവായി തുടരുന്ന പെൻഷണർമാർക്ക് വിതരണം ചെയ്യാൻ കഴിയാതെ തടഞ്ഞുവച്ച തുകകൾ ബാങ്കുകളുടേയും സഹകരണബാങ്കുകളുടെയും അക്കൌണ്ടുകളിലേക്ക് മാറ്റപ്പെടുകയും സർക്കാരിലേക്ക് തിരികെ ലഭ്യമാകുന്നതിന് താമസം ഉണ്ടാക്കുകയും ചെയ്യുന്നു.

3. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൌണ്ടുകൾ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കാതെയാണ് നിലവിൽ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടുന്നത്. പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള ഫയൽ പരിശോധിച്ചതിൽ പെൻഷൻ റദ്ദ് ചെയ്യുന്നതിനായി ബന്ധുക്കൾ നൽകുന്ന

അപേക്ഷ പ്രകാരം നടപടി സ്വീകരിക്കുന്നതായി കാണുന്നു എങ്കിലും നഗരസഭയിൽ റിപ്പോർട്ട് ചെയ്യുന്ന മരണങ്ങളെ ആസ്പദമാക്കി പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നില്ല. പെൻഷണർ മരണപ്പെട്ടതായി സ്ഥാപനത്തിൽ അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ് എന്ന് സർക്കാർ നിർദേശിച്ചിട്ടുള്ളതണെങ്കിലും ഇത് നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

4.നഗരസഭയിൽ മരണം റിപ്പോർട്ട ചെയ്ത മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് പെൻഷൻ വാങ്ങുന്നവരുടെ കാര്യത്തിൽ പ്രസ്തുത തദ്ദേശസ്ഥാപനങ്ങൾക്ക് മരണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെൻഷൻ നിർത്തൽ ചെയ്യുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

5. ഓരോ മരണ രജിസ്ട്രേഷന്റെ അപേക്ഷകളും അംഗീകരിക്കുന്നതിന് ശേഷം മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോയെന്ന് പരിശോധിക്കേണ്ടതും പെൻഷണർ ആണെങ്കിൽ ഉടൻ തന്നെ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതിനായി മരണ രജിസ്ട്രേഷൻ സെക്ഷൻ പെൻഷൻ സെക്ഷനിലേയ്ക്ക് റിപ്പോർട്ട് നൽകി തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 01-08-22 ലെ ഓഡിറ്റ് എൻക്വയറി നം. 17ന് മറുപടി ലഭ്യമാക്കിയതിൽ ക്രമ നം 9-നുള്ള പെൻഷൻ സസ്പെൻഡ് ചെയ്തതായും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചു. ബാക്കിയുള്ള മറ്റ തദ്ദേശസ്ഥാപനങ്ങളിൽ നിന്നുള്ളവരുടെ കാര്യത്തിൽ അതത് സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകുന്നതാണെന്നും അറിയിച്ചു. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-33 ദുരിതാശ്വാസ നിധി പ്രവർത്തനരഹിതം

2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും നഗരസഭാ പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. നഗരസഭയിൽ ദുരിതാശ്വാസ നിധിയ്ക്കായി എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ കോതമംഗലം ടൗൺ ഈവനിംഗ് ബ്രാഞ്ചിൽ 05.10.2016 ന് അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും ഇതിൽ വരവോ ചെലവോ ഉണ്ടായിട്ടില്ല. 1100/- രൂപ നിക്ഷേപിച്ച് തുടങ്ങിയ അക്കൗണ്ടിൽ ഇപ്പോഴും ഈ തുക തന്നെയാണ് അവശേഷിക്കുന്നത്. ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-34 മോഡുലാർ ടോയ്‌ലെറ്റ് നിർമ്മാണം-നിരക്ക് നിശ്ചയിച്ചതിന് ആധികാരികതയില്ല

| | |
|---|---|
| പ്രോജക്ട് നം , പേര് | S0310/21,<br>മോഡുലാർടോയ്‌ലെറ്റ് നിർമ്മാണം |
| അടങ്കൽ, ഫണ്ട് | 3,56,206/-<br>(കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | 3,56,206/-<br>ബിൽ നം 12/11.04.2020) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ, കോതമംഗലം നഗരസഭ |
| ഫയൽ നം | എച്ച്1/14758/19 |

കോതമംഗലം നഗരസഭ വക മാർക്കറ്റിൽ ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. മോഡേൺ ഡിസ്പോ പോളിസ് ലിമിറ്റഡ്, ആനക്കയം, മലപ്പുറം ജില്ല എന്ന സ്ഥാപനം 22.05.2019 ൽ അവരുടെ ഉൽപന്നങ്ങൾ പരിചയപ്പെടുത്തിക്കൊണ്ട് സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിലാണ് ഫയൽ ആരംഭിക്കുന്നത്. എളുപ്പത്തിൽ സ്ഥാപിക്കാവുന്നതും, എടുത്തുമാറ്റാവുന്നതുമായ സ്റ്റീൽ മോഡുലാർ ടോയ്‌ലെറ്റ് മാർക്കറ്റിൽ സ്ഥാപിക്കുന്നത് അനുയോജ്യമാണെന്ന ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശത്തെത്തുടർന്ന് 04.09.2019 ലെ 27ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം പദ്ധതിക്ക് അംഗീകാരം നൽകുകയായിരുന്നു. തുടർന്ന് ടെണ്ടർ നടപടികൾ സ്വീകരിക്കുകയും മേൽ സ്ഥാപനത്തിന് തന്നെ വർക്ക് ഓർഡർ ലഭിക്കുകയും ചെയ്തു. മാർക്കറ്റിന്റെ പടിഞ്ഞാറേ അതിർത്തിയിൽ ടൗൺ യു.പി.സ്കൂളിന്റെ മതിലിനോട് ചേർന്നാണ് ടോയ്‌ലെറ്റ് സ്ഥാപിച്ചിട്ടുള്ളത്. വാട്ടർ കണക്ഷനും, വൈദ്യുതി കണക്ഷനും സ്കൂളിൽ നിന്നും ലഭ്യമാക്കാം എന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ സ്ഥലം തെരെഞ്ഞെടുത്തതെന്നാണ് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ ചേർത്തിട്ടുള്ള പരാമർശങ്ങൾക്ക് വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം-29/02.08.22 )

1) 4 X4 അടി വിസ്തൃതിയുള്ള ഒരു ടോയ്‌ലെറ്റ് യൂണിറ്റിന് 1,78,103/-രൂപ എന്ന നിരക്ക് അംഗീകരിച്ചാണ് മേൽ സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയിട്ടുള്ളത്. ഇപ്രകാരമുള്ള രണ്ട് യൂണിറ്റുകളോട് കൂടിയ ടോയ്‌ലെറ്റ് ബ്ലോക്ക് സ്ഥാപിച്ചതിന് ആകെ 3,56,206/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ നിരക്ക് ഏത് സ്പെസിഫിക്കേഷൻ പ്രകാരമാണ് കണക്കാക്കിയതെന്നതിൽ വ്യക്തതയില്ല. എഞ്ചിനിയറിംഗ് വിങ്ങ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതിക അനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

2) 3,01,869/- രൂപ അടിസ്ഥാന വിലയും, 18% ജി.എസ്.ടി.യും, 1% പ്രളയസെസ്സും അടക്കം 3,59,225/- രൂപയുടെ ഇൻവോയ്സ് ആണ് സ്ഥാപനം സമർപ്പിച്ചത്. പദ്ധതി അടങ്കൽ 3,56,206/- രൂപയായതിനാൽ ബിൽത്തുക അതനുസരിച്ച് ലിമിറ്റ് ചെയ്താണ് നൽകിയിട്ടുള്ളത്. 2,50,000/-രൂപയിലധികരിച്ച കരാറായതിനാൽ 2% ജി.എസ്.ടി ടി.ഡി.എസ് ആയി ഈടാക്കേണ്ടതായിരുന്നു. ആയത് ഈടാക്കിയിട്ടില്ല. ടോയ്‌ലറ്റ് ഇപ്പോൾ പ്രവർത്തനക്ഷമമാണെന്ന് അറിയുന്നു.

മാർക്കറ്റിലെ തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും ടോയ്‌ലെറ്റ് ഉപകരിക്കുന്നുണ്ടെന്നും, മാർക്കറ്റിന്റെ വികസനപ്രവർത്തനങ്ങൾ നടത്തുമ്പോൾ എളുപ്പം നീക്കം ചെയ്യാൻ സാധിക്കുമെന്നതിനാലാണ് ഇത്തരത്തിലുള്ള ടോയ്‌ലെറ്റ് സ്ഥാപിച്ചതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്.

മറുപടി ഭാഗികമായി അംഗീകരിക്കുന്നു. എന്നാൽ ഇത്തരം ടോയ്‌ലെറ്റ് സംവിധാനത്തിന്റെ മാർക്കറ്റ് വില അറിയാതെയും നിരക്കിന്റെ ആധികാരികത ബോധ്യപ്പെടാതെയും, ഈ സംവിധാനം പരിചയപ്പെടുത്തിയ സ്ഥാപനത്തിനു തന്നെ വർക്ക് ഓർഡർ നൽകിയത് ശരിയായ നടപടിയല്ല. പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം എഞ്ചിനിയറിംഗ് വിഭാഗം ഇതിന്റെ മൂല്യനിർണ്ണയം നടത്തിയിട്ടുമില്ല. ഒരു പദ്ധതിക്കായി തുക ചെലവഴിക്കുമ്പോൾ അതിന്റെ പ്രായോഗികത ഉറപ്പുവരുത്തേണ്ടതും, ചെലവഴിക്കുന്ന തുക മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. മേൽസ്ഥാപനം ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരമുള്ള ജി.എസ്.റ്റി അടവാക്കി, റിട്ടേൺ സമർപ്പിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-35 വീടുകൾക്ക് ബയോകമ്പോസ്റ്റർ ബിൻ-പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം , പേര് | 313/21,<br>വീടുകൾക്ക് ബയോകമ്പോസ്റ്റർ ബിൻ |
| അടങ്കൽ, ഫണ്ട് | 28,28,620/-<br>(കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>23,73,840/-<br>(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>1580300/-<br>(ശുചിത്വ മിഷൻ ഫണ്ട്)<br>ആകെ 67,82,400/- |
| ചെക്ക് നം, തീയതി, ചെലവ് തുക | 1.ബിൽ.നം10/11.04.2020-13,56,480/-<br>(കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>2.ബിൽ.നം21/24.03.2021- 444960/-<br>(കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>3.ചെക്ക്.നം238187/23.12.2020-803520/-<br>(ശുചിത്വ മിഷൻ ഫണ്ട്)<br>4.ചെക്ക്.നം230193/30.03.2020-17,15,040/-<br>(ശുചിത്വ മിഷൻ ഫണ്ട്)<br>ആകെ തൻ വർഷ ചെലവ്-43,20,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ,<br>കോതമംഗലം നഗരസഭ |
| ഫയൽ നം | എച്ച്3/362/2020 |

കോതമംഗലം നഗരസഭ പരിധിയിൽ ഉറവിട ജൈവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി വീടുകൾക്ക് ബയോകമ്പോസ്റ്റർ ബിന്നുകൾ വിതരണം ചെയ്യുന്നതിനായുള്ള പദ്ധതിയാണിത്. 1800/- രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന 3768 ബയോകമ്പോസ്റ്റർ ബിന്നുകൾ സ്ഥാപിക്കുന്നതിന് 67,82,400/- രൂപ അടങ്കലുള്ള പദ്ധതി രൂപീകരിച്ചു. സംസ്ഥാന ശുചിത്വ മിഷൻ അക്രഡിറ്റ് ഏജൻസിയായ IRTC-Project Implementing Unit, Mundur, Palakkad വഴിയാണ് ഈ പദ്ധതി നഗരസഭയിൽ നടപ്പിലാക്കിയിട്ടുള്ളത്. 3 PPCP ( Poly Propylene Co-polymer) ബിന്നുകൾ, അതിലുപയോഗിക്കാനുള്ള ഇനോക്കുലം അടക്കം സപ്ലൈ ചെയ്യുന്നതിനാണ് വർക്ക് ഓർഡർ നൽകിയിട്ടുള്ളത്. ഈ സ്ഥാപനവുമായി 29.02.2020 ൽ ഉണ്ടാക്കിയ കരാറനുസരിച്ച് ആകെ പദ്ധതി അടങ്കൽ തുകയായ 67,82,400/-രൂപയുടെ 20% തുക 13,56,480/- മുൻകൂറായി ടി സ്ഥാപനത്തിന് 11.04.2020 ൽ നൽകിയിട്ടുണ്ട്. വിവിധ തീയതികളിലായി ആകെ 2400 ബിന്നുകൾ സപ്ലൈ ചെയ്തതായി സ്ഥാപനം അറിയിക്കുകയും താഴെ പറയും പ്രകാരം 43,20,000/- രൂപയുടെ ഇൻവോയ്സുകൾ ഹാജരാക്കിയതനുസരിച്ച് മുഴുവൻ തുകയും

മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം, തീയതി | ബിന്നുകളുടെ എണ്ണം @ 1800/- | തുക |
|---|---|---|---|
| 1 | B2B040/29.07.2020 | 600 | 10,80,000 |
| | B2B040/29.07.2020 | 600 | 10,80,000 |
| 3 | B2B040/29.07.2020 | 700 | 12,60,000 |
| 4 | B2B040/29.07.2020 | 500 | 9,00,000 |
| ആകെ | | 2400 | 43,20,000/- |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1) 06.03.2020 ലെ സർക്കാർ ഉത്തരവ് (കൈ)നം 45/2020 പ്രകാരം വീടുകളിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് APL/BPL വ്യത്യാസമില്ലാതെ യൂണിറ്റ് കോസ്റ്റിന്റെ 90 % സബ്സിഡി (10% ഗുണഭോക്തൃ വിഹിതം) നല്കാവുന്നതാണ്. പിന്നീട് 06.07.2020ലെ സർക്കാർ ഉത്തരവ് (സാ ധാ)നം 1337/2020/തസ്വഭവ പ്രകാരം ഡി.പി.ആർ ൽ ഉൾപ്പെട്ട പദ്ധതികൾക്ക് അതിൽ അംഗീകരിച്ച നിരക്ക് പ്രകാരം ഇത്തരം പദ്ധതികൾ നിർവ്വഹണം നടത്താമെന്നും, അല്ലാത്തവയ്ക്ക് 06.03.2020 ലെ ഉത്തരവ് ബാധകമാക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി. ഖരമാലിന്യ സംസ്കരണത്തിനായി നഗരസഭക്ക് അംഗീകരിച്ച് കിട്ടിയ ഡി.പി.ആർ ൽ ഉൾപ്പെട്ട പദ്ധതിയായിനാൽ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല. ഡി.പി.ആർ പ്രകാരം 3000 ബയോ പോട്ടുകൾ സ്ഥാപിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളത്. ആയതിനാൽ പരമാവധി 3000 പേർക്കാണ് 100% സബ്സിഡി അനുവദിക്കാവുന്നത്. എന്നാൽ ഈ പദ്ധതിയിൽ 3678 ബയോ ബിന്നുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുകയും അത്രയും പേർക്കും 100% സബ്സീഡി അനുവദിക്കാനുതകും വിധം തുക വകയിരുത്തുകയും ചെയ്തിരിക്കുന്നു. തൻവർഷം 2400 ബയോബിൻ സ്ഥാപിച്ചതിന് തുക നൽകിയിട്ടുമുണ്ട്. ഡി.പി.ആർ ൽ നിന്നും അധികരിച്ച ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) 11/08.2021 വരെ 2153 അപേക്ഷകൾ മാത്രമേ ലഭിച്ചിട്ടുള്ളുവെന്ന് ഫയലിൽ കണ്ടു. 18/06.2021 ൽ 12ാം വാർഡ് കൗൺസിലർ നൽകിയ കത്തിൽ 137 പേരുടെ ലിസ്റ്റിൽ ആർക്കും ബയോബിൻ ലഭിച്ചിട്ടില്ലെന്ന് പറയുന്നു. 2400 എണ്ണം ബയോബിന്നുകൾ സ്ഥാപിച്ചതിന്റെ തുക 31.03.2021 നുള്ളിൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. മേൽ പരാമർശങ്ങളിൽ നിന്നും ബയോബിന്നുകളുടെ വിതരണം പൂർത്തിയാക്കി, അവ സ്ഥാപിക്കുന്നതിന് മുമ്പേ തന്നെ സ്ഥാപനത്തിന് തുക കൈമാറിയതായി കാണാവുന്നതാണ്. ഒരു ബയോ ബിൻ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള ചെലവാണ് യൂണിറ്റ് കോസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ ഇവ സ്ഥാപിച്ചുവെന്ന് ഉറപ്പ് വരുത്താതെ തുക നൽകിയത് ശരിയായ നടപടിയല്ല.

3)12% ജി.എസ്.ടി അടക്കമുള്ള ബിൽത്തുകയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. 2,50,000/-രൂപയിലധികരിച്ച കരാറായാതിനാൽ 2% ജി.എസ്.ടി ടി.ഡി.എസ് ആയി ഈടാക്കേണ്ടതായിരുന്നു. നികുതിയായി ഈടാക്കിയ തുക യഥാസമയം സർക്കാരിലേക്ക് അടവാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ 2% തുക ടി.ഡി.എസ് ആയി ഈടാക്കേണ്ടതായിരുന്നു. ടി.ഡി.എസ് ഈടാക്കാതിരുന്ന സാഹചര്യത്തിൽ, സ്ഥാപനം നികുതി സർക്കാരിലേക്ക് അടവാക്കി, റിട്ടേൺ ഫയൽ ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

4) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലില്ല. ഡി.പി.ആർ പ്രോജക്റ്റ് ആയതിനാൽ 2021-22 വർഷവും പദ്ധതി തുടരുന്നുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. ടി.ഡി.എസ് ഈടാക്കിയതിന് ശേഷം മാത്രം ഇനി ബാക്കിയുള്ള ബിൽത്തുക നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 ബയോഗ്യാസ് പ്ലാന്റ് വീടുകളിൽ- പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം , പ്രോജക്ടിന്റെ പേര് | 312/21, ബയോഗ്യാസ് പ്ലാന്റ് വീടുകളിൽ |
| അടങ്കൽ, ഫണ്ട് | 32,87,628 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>27,59,400 (സ്വച്ഛ് ഭാരത് അഭിയാൻ ഫണ്ട്)<br>18,36,972 (ശുചിത്വ മിഷൻ ഫണ്ട്)<br>ആകെ 78,84,000/- |
| ചെക്ക് നം,തീയതി, ചെലവ് തുക | 1.ബിൽ നം 11/11.04.2020-15,76,800/-(കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>2.ചെക്ക് നം 238192/30.03.2021-2,23,200/- (ശുചിത്വ മിഷൻ ഫണ്ട്)<br>ആകെ തൻ വർഷ ചെലവ്-18,00,000/- |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ, കോതമംഗലം നഗരസഭ |

കോതമംഗലം നഗരസഭ പരിധിയിൽ ഉറവിട ജൈവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. സംസ്ഥാന ശുചിത്വ മിഷൻ അക്രഡിറ്റ് ഏജൻസിയായ ആലുവാ ,സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ വഴിയാണ് ഈ പദ്ധതി നഗരസഭയിൽ നടപ്പിലാക്കിയിട്ടുള്ളത്. 0.75$m^3$ കപ്പാസിറ്റിയുള്ളതും, വാട്ടർ ജാക്കറ്റോടുകൂടിയതുമായ 657 യൂണിറ്റ് ബയോഗ്യാസ് പ്ലാന്റുകൾ 12,000/-രൂപ നിരക്കിൽ സ്ഥാപിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. ഈ സ്ഥാപനവുമായി 12.03.2020 ൽ ഉണ്ടാക്കിയ കരാറിലെ 9.2.1 ക്ലോസ് പ്രകാരം ആകെ പദ്ധതി അടങ്കൽ തുകയായ 78,84,000/-രൂപയുടെ 20% തുക 15,76,800/- മുൻകൂറായി ടി സ്ഥാപനത്തിന് 11.04.2020 ൽ നൽകിയിട്ടുണ്ട്. 150 ബയോഗ്യാസ് പ്ലാന്റുകൾ തൻവർഷം നിർമ്മിച്ച് നല്കിയതിന്റെ ബിൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ആകെ 18,00,000/-രൂപയിൽ മുൻകൂർ നൽകിയത് കിഴിച്ച് 2,23,200/-രൂപ 30.03.2021 ൽ നൽകിയിട്ടുണ്ട്. ഈ പദ്ധയിയുമായി ബന്ധപ്പെട്ട് താഴെ ചേർത്തിട്ടുള്ള പരാമർശങ്ങൾക്ക് വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം-11/29.07.22 )

1) 06.03.2020 ലെ സർക്കാർ ഉത്തരവ് (കൈ)നം 45/2020 പ്രകാരം വീടുകളിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് APL/BPL വ്യത്യാസമില്ലാതെ യൂണിറ്റ് കോസ്റ്റിന്റെ 90 % സബ്സിഡി (10% ഗുണഭോക്തൃ വിഹിതം) നല്കാവുന്നതാണ്. പിന്നീട് 06.07.2020ലെ സർക്കാർ ഉത്തരവ് (സാ ധാ)നം 1337/2020/തസ്വഭവ പ്രകാരം ഡി.പി.ആർ ൽ ഉൾപ്പെട്ട പദ്ധതികൾക്ക് അതിൽ അംഗീകരിച്ച നിരക്ക് പ്രകാരം ഇത്തരം പദ്ധതികൾ നിർവ്വഹണം നടത്താമെന്നും, അല്ലാത്തവയ്ക്ക് 06.03.2020 ലെ ഉത്തരവ് ബാധകമാക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി. ഖരമാലിന്യ സംസ്കരണത്തിനായി നഗരസഭക്ക് അംഗീകരിച്ച് കിട്ടിയ ഡി.പി.ആർ ൽ ഉൾപ്പെട്ട പദ്ധതിയായതിനാൽ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല. ഡി.പി.ആർ പ്രകാരം 0.75 $M^3$ന്റെ 100 ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളത്. ആയതിനാൽ പരമാവധി 100 പേർക്കാണ് 100% സബ്സിഡി അനുവദിക്കാവുന്നത്. എന്നാൽ ഈ പദ്ധതിയിൽ 657 ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുകയും അത്രയും പേർക്കും 100 % സബ്സിഡി അനുവദിക്കാനുതകും വിധം തുക വകയിരുത്തുകയും ചെയ്തിരിക്കുന്നു. തൻവർഷം 150 ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചതിന് തുക നൽകിയിട്ടുമുണ്ട്. ഡി.പി.ആർ. ൽ നിന്നും അധികരിച്ച 50 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതാണ്. 50 ഗുണഭോക്താക്കളിൽ നിന്ന് 10% ഗുണഭോക്തൃവിഹിതം (12,000X 50=6,00,000 ന്റെ 10%) ഈടാക്കാത്തത് മൂലം 60,000/- രൂപയുടെ അധിക ചെലവ് നഗരസഭക്ക് ഉണ്ടായിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശമുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.

2) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഗുണഭോക്തൃലിസ്റ്റ് ഫയലിൽ നിന്ന് ലഭ്യമല്ല.

3) 657 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാണ് 78,84,000/- രൂപ അടങ്കലായി ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെങ്കിലും 150 ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം നല്കിയിട്ടുള്ളത്.

4)ജി.എസ്.ടി. അടക്കമുള്ള ബിൽതുകയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. 2,50,000/-രൂപയിലധികരിച്ച കരാറായതിനാൽ 2% ജി.എസ്.ടി ടി.ഡി.എസ് ആയി ഈടാക്കേണ്ടതായിരുന്നു. ആയത് ഈടാക്കിയിട്ടില്ല.

5) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലില്ല.

ഡി.പി.ആർ പ്രോജക്റ്റ് ആയതിനാലാണ് ഗുണഭോക്തൃവിഹിതം ഈടാക്കാതിരുന്നതെന്നും, സ്ഥാപനം ജി.എസ്.റ്റി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതാണെന്നും, പദ്ധതി തുടർന്നുകൊണ്ടിരിക്കുകയാണെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. മറുപടി ഭാഗികമായി അംഗീകരിക്കുന്നു. ഡി.പി.ആർ ൽ നിന്നും അധികരിച്ച ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികച്ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. മേൽ സ്ഥാപനം ജി.എസ്.ടി അടവാക്കി, റിട്ടേൺ ഫയൽ ചെയ്തതിന്റെ രേഖകളും, വിശദമായ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

## 1-37 സ്വകാര്യ ഫ്ലാറ്റിലേക്ക് നഗരസഭയുടെ ചെലവിൽ വാട്ടർ കണക്ഷൻ

നഗരസഭയുടെ 7-ാം വാർഡിലെ കൗൺസിലർ പ്രസ്തുത വാർഡിലെ റോസ് ഗാർഡൻ ഫ്ലാറ്റിലെ 9 കുടുംബങ്ങൾക്കായി 50m പൈപ്പ് ലൈൻ നീട്ടണം എന്നാവശ്യപ്പെട്ട് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നഗരസഭ സെക്രട്ടറി 28.7.2020 - ൽ A3/14393/19 നമ്പർ ആയി കോതമംഗലം വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. സ്വകാര്യ പ്രോജക്റ്റായ റോസ് ഗാർഡൻ ഫ്ലാറ്റിലേക്ക് ഇപ്രകാരം

നഗരസഭയുടെ ചെലവിൽ വാട്ടർ കണക്ഷനുള്ള സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചത് സംബന്ധിച്ച് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും (04/27.07.22) ആയതിന് വിശദീകരണം ലഭ്യമാക്കിയില്ല. റോസ് ഗാർഡൻ ഫ്ലാറ്റ് റോഡ് നഗരസഭക്ക് കൈമാറി ആയത് ആസ്തിരജിസ്റ്ററിൽ ചേർത്ത് നഗരസഭയുടെ ആസ്തിയാക്കിയിട്ടില്ലാത്തപക്ഷം ഈ റോഡിൽ നഗരസഭയുടെ ചെലവിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | 2020-21 ഓഡിറ്റിനോടൊപ്പമാണ് വാർഷിക കണക്കുകൾ പരിശോധിച്ചത് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഈയിനത്തിൽ തൻവർഷം വരവില്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | വാർഡ് 12- വലിയപാറ ഹിൽവാലി റോഡ് | 625/ 29.03.2021 | 147000 | 0 | 147000 |
| ,, | വാർഡ് 12-വലിയപാറ പ്രാർത്ഥന കോളനി റോഡ് & എ എം റോഡ് | 624/ 29.03.2021 | 255000 | 0 | 255000 |
| ,, | വാർഡ് 16-ജയകേരളം റോഡ് | 475/ 03.03.2021 | 172400 | 0 | 172400 |
| ,, | വാർഡ് 5-ചേലാട് – കള്ളാട് റോഡ് | 453/ 26.02.2021 | 300000 | 0 | 300000 |
| ,, | വാർഡ് 16-എൻ എച്ച് അമ്പലപ്പറമ്പ് ബ്രാഞ്ച് റോഡ് | 303/ 02.12.2020 | 75000 | 0 | 75000 |
| ,, | വാർഡ് 19-എൻ എച്ച് തേക്കിലക്കാട്ട് റോഡ് | 303/ 02.12.2020 | 74000 | 0 | 74000 |
| ,, | വാർഡ് 13-കുത്തുകുഴി കോയിക്കക്കുടി കരിമ്പന റോഡ് | 303/ 02.12.2020 | 110000 | 0 | 110000 |
| ,, | വാർഡ് 11-വലിയപാറ ചീക്കോട്ടുമാലി റോഡ് | 303/ 02.12.2020 | 96000 | 96000 | 0 |

| | | | | | |
|---|---|---|---|---|---|
| ,, | വാർഡ് 30-ജവാഹർ ഹിൽവ്യൂ റോഡിൽ റൈഡർലൈൻ സ്ഥാപിക്കൽ | 303/ 02.12.2020 | 157000 | 0 | 157000 |
| ,, | വാർഡ് 14-ഇളങ്കാവ് കുഴിമറ്റം ലിങ്ക് റോഡ് | 303/ 02.12.2020 | 120000 | 120000 | 0 |
| ,, | വാർഡ് 18-ബേസിൽ സ്കൂൾ ജംഗ്ഷൻ മുതൽ കള്ളിക്കാവ് റോഡ് വരെ | 2/ 11.04.2020 | 64000 | 0 | 64000 |
| ,, | വാർഡ് 15-വലിയകാവ് റോഡിലെ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ | 3/ 11.04.2020 | 109000 | 0 | 109000 |
| | ആകെ | | 1679400 | | |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വാർഡ് 3-പാറേക്കോളനി ആശ്രമം ലിങ്ക് റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 264/ 30.10.2020 | 54228 | 0 | 54228 |
| ,, | വാർഡ് 16-സയാന കനാൽ ബണ്ട് റോഡ്, നായ്ക്കത്തണ്ട് റോഡ്, ബൈപ്പാസ് ലിങ്ക് റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 262/ 05.11.2020 | 108290 | 0 | 108290 |
| ,, | വാർഡ് 15-വലിയകാവ് വേങ്ങോലി റോഡ്, അംഗൻവാടി റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ്ലൈൻ വലിക്കൽ | 263/ 30.10.2020 | 202832 | 0 | 202832 |
| ,, | വാർഡ് 12-ചൈതന്യ നഗർ ഹിൽവാലി ബ്രാഞ്ച്നഗർ റോഡ് , അഭിമന്യു റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ്ലൈൻ വലിക്കൽ | 263/ 30.10.2020 | 146317 | 0 | 146317 |
| ,, | വാർഡ് 10-അത്തിപ്പിള്ളി-ഇടത്തിൽ -കുമ്പളത്തുമുറി അമ്പലപ്പറമ്പ് ലിങ്ക് റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ്ലൈൻ വലിക്കൽ | 283/ 10.11.2020 | 187746 | 0 | 187746 |
| ,, | വാർഡ് 3-രാമല്ലൂർ പി വി ഐ പി കനാൽ ബ്രാഞ്ച് റോഡിൽ സ്ട്രീറ്റ്ലൈൻ വലിക്കൽ | 283/ 10.11.2020 | 75291 | 0 | 75291 |
| ,, | വാർഡ് 20-ഇല്ലത്തുകാവ് ബ്രാഞ്ച്, ഗണപതി അമ്പലം ബ്രാഞ്ച് വെള്ളക്കാമറ്റം ബ്രാഞ്ച് ഫാം റോഡ് എന്നവിടങ്ങളിൽ സ്ട്രീറ്റ്ലൈൻ വലിക്കൽ | 284/ 08.11.2020 | 294886 | 0 | 294886 |
| ആകെ | | | 1069590 | | - |

നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുക Capital Work In Progress എന്ന ഹെഡിലാണ് (412100100 ) ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2020-21 വർഷത്തിൽ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ഉത്തരവ് | ലൈഫ്/ പി.എം. എ.വൈ ലോൺ തുക | വർഷാരംഭത്തിൽ | തൻവർഷ വരവ് | ആകെ തിരിച്ചടക്കുവാ | തിരിച്ചടച്ച തുക | തിരിച്ചടക്കുവാൻ |
|---|---|---|---|---|---|---|

| | | | തിരിച്ചടക്കവാനുണ്ടായിരുന്ന തുക | | നുള്ള തുക | | | ബാക്കി |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ജി ഒ (എം എസ്) 68/2018/ എല് എസ് ജി ഡി തീ 18-5-2018 | ഹഡ്കോ | 69920000 | 54386667 | 14200000 | 68586667 | 9760000 | 0 | 58826667 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നഗരസഭയ്ക്ക് കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 100 രൂപ വീതം മുഖവിലയുള്ള 645 ഓഹരികൾ കൈവശമുള്ളതിന്റെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 64500 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 64500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 64500 |

## 4-7 ഓഡിററ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2006-2007 | 2.4 എ | 2009-10 | വസ്തു നികുതി നിർണ്ണയം ക്രമപ്രകാരമല്ല. | ചട്ടങ്ങൾക്കനുസൃതമായി നികുതി ഈടാക്കി വരുന്നു. |
| 2006-2007 | 2.8 | 2009-10 | ലൈസൻസ് ഫീസ് നിരക്ക് പുതുക്കൽ | സർക്കാർ തലത്തിലെ നടപടികൾ പൂർത്തിയാകാത്തതിനാൽ നിരക്കുകൾ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടില്ല. |
| 2016-2017 | 3-11 | 2017-18 | നഗരസഭ ടൌൺഹാൾ സ്ഥലമെടുപ്പിന്റെ നിലവിലുള്ള ബാദ്ധ്യത 83,61,108/-രൂപ. നിർമ്മാണ പ്രവർത്തനങ്ങൾ 16 വർഷത്തിന് ശേഷവും ആരംഭിച്ചിട്ടില്ല | നടപടികൾ സ്വീകരിച്ച വരുന്ന |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 325515797.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 303665291.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1801561.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി) യിലേയും (സി) യിലേയും തുകയാണ്.)

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 300000/- | ശ്രീമതി.ഷെർല ബീഗം, സെക്രട്ടറി |
| 1-21 | 1250000/- | ഡോ.മെർലി മാത്യു, സീനിയർ വെറ്റിനറി സർജൻ |
| 1-31 | 251561/- | ഡോ.അഞ്ജലി എൻ യു സൂപ്രണ്ട്, താലൂക്ക് ആശുപത്രി |
| ആകെ | 1801561/- | |

(സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.മെർലി മാത്യു, സീനിയർ വെറ്റിനറി സർജൻ | സീനിയർ വെറ്ററിനറി സർജൻ, കോതമംഗലം | കരുമലക്കോട്ടിൽ ഹൗസ്, തൃക്കളത്തൂർ പി ഒ, മൂവാറ്റുപുഴ |
| ഡോ.അഞ്ജലി എൻ യു സൂപ്രണ്ട്, താലൂക്ക് ആശുപത്രി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കോതമംഗലം | ഞാളൂപ്പടി, കുറുപ്പംപടി |
| ശ്രീമതി.ഷെർല ബീഗം, സെക്രട്ടറി | സെക്രട്ടറി, പത്തനംതിട്ട നഗരസഭ | സത്യഭവൻ, കാക്കക്കുന്ന് പി ഒ, ശൂരനാട് സൗത്ത്, കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1977-78 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1978-79 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1979-80 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1980-81 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1981-82 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |

| | |
|---|---|
| 1982-83 | എൽ.എഫ്.ഇ.(എം2)10125/87 Dt.27.10.1987 |
| 1983-84 | എൽ.എഫ്.ഇ.(എം2)269/87 Dt.30.11.1987 |
| 1984-85 | എൽ.എഫ്.ഇ.(എം2)182/88 Dt.16.7.1988 |
| 1985-86 | എൽ.എഫ്.ഇ.(എം2)1187/89 Dt.30.12.1989 |
| 1986-87 | എൽ.എഫ്.ഇ.(എം2)84/89 Dt.20.5.1992 |
| 1987-88 | എൽ.എഫ്.ഇ.(എം2)982/93 Dt.13.9.1994 |
| 1988-89 | എൽ.എഫ്.ഇ.(എം2)412/95 Dt.27.10.1995 |
| 1990-91 | എൽ.എഫ്.ഇ.(എം2)1187/97 Dt.27.3.1998 |
| 1991-92 | എൽ.എഫ്.ഇ.(എം2)1187/97 Dt.27.3.1998 |
| 1992-93 | എൽ.എഫ്.ഇ.(എം2)1187/97 Dt.27.3.1998 |
| 1993-94 | എൽ.എഫ്.ഇ.(എം2)1187/97 Dt.27.3.1998 |
| 1997-98 | എൽ.എഫ്.ഇ.(എം2)1294/99 Dt.12.10.2000 |
| 1998-99 | എൽ.എഫ്.ഇ.(എം2)613/2001 Dt.3.11.2001 |
| 1999-00 | എൽ.എഫ്.ഇ.(എം1)292/2002 Dt.4.2.2003 |
| 2000-01 | എൽ.എഫ്.ഇ.(എം1)1524/2003 Dt.21.4.2004 |
| 2001-02 | എൽ.എഫ്.ഇ.(എം1)232/2005 Dt.19.12.2005 |
| 2002-03 | എൽ.എഫ്.ഇ.(എം1)808/2011 Dt.2.4.2012 |
| 2003-04 | എൽ.എഫ്.ഇ.(എം1)809/2011 Dt.10.05.2012 |
| 2004-05 | എൽ.എഫ്.ഇ.(എം1)27/2013 Dt.12.1.2013 |
| 2005-06 | എൽ.എഫ്.ഇ.(എം1)27/2013 Dt.12.1.2013 |
| 2006-07 | എൽ.എഫ്.ഇ.(എം1)728/2008 Dt.11.1.2010 |
| 2007-08 | എൽ.എഫ്.ഇ.(എം1)27/2013 Dt.12.1.2013 |
| 2008-09 | എൽ.എഫ്.ഇ.(എം1)27/2013 Dt.12.1.2013 |
| 2009-10 | എൽ.എഫ്.ഇ.(എം1)1689/2011 Dt.16.5.2012 |
| 2010-11 | എൽ.എഫ്.ഇ.(എം1)1475/2013 Dt.5.10.2013 |
| 2011-12 | എൽ.എഫ്.ഇ.(എം1)1324/2014 Dt.7.11.2014 |
| 2012-13 | കെ.എസ്.എ-ഇ.കെ.എം(എം1) 1124/2015 , Dt. 26.08.15 |
| 2013-14,2014-15 | കെ.എസ്.എ-ഇ.കെ.എം(എം1) 1319/2016 , Dt. 04.08.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(എം1)99 /2015 , Dt. 08.02.2017 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(എം1)1776/2017 , Dt. 19.09.2017 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(എം1)301/2019 , Dt. 19.03.2019 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(എം2)1969/2019, Dt. 13.02.2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം(എം1)725/22, Dt. 20.07.2022 |

.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്